**പതിനഞ്ചാം കേരള നിയമസഭ**

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)**

**പതിനാറാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-14) യുടെ രണ്ടാമത് റിപ്പോർട്ടിലെ (20-10-2011 മുതൽ 31-03-2013 വരെ പരിഗണിച്ച പരാതികൾ സംബന്ധിച്ച റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

## പതിനഞ്ചാം കേരള നിയമസഭ

## മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പതിനാറാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-14) യുടെ രണ്ടാമത് റിപ്പോർട്ടിലെ (20-10-2011 മുതൽ 31-03-2013 വരെ പരിഗണിച്ച പരാതികൾ സംബന്ധിച്ച റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| ആമുഖം | - | vii |
| റിപ്പോർട്ട് | - | 1. |

## സമിതിയുടെ ഘടന

**ചെയർപേഴ്സൺ :**

ശ്രീ. പി. പി. ചിത്തരഞ്ജൻ

**അംഗങ്ങൾ** :

ശ്രീ. എൻ.കെ. അക്ബർ

ശ്രീ. അനൂപ് ജേക്കബ്

ശ്രീമതി കാനത്തിൽ ജമീല*

ശ്രീ. കെ.ജെ. മാക്സി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എം. നൗഷാദ്

ശ്രീ. വി. ശശി

ശ്രീ. എം. വിൻസെന്റ്

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

---

*2025 നവംബർ 29-ാം തീയതി അന്തരിച്ചു.

## ആമുഖം

പതിനഞ്ചാം കേരള നിയമസഭയുടെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026) യുടെ ചെയർപേഴ്സൺ ആയ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-14) യുടെ രണ്ടാമത് റിപ്പോർട്ട് (20-10-2011 മുതൽ 31-03-2013 വരെ പരിഗണിച്ച പരാതികൾ സംബന്ധിച്ച റിപ്പോർട്ട്) 2014 ഫെബ്രുവരി 06 -ന് സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ, സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2026 ഫെബ്രുവരി 5

**പി. പി. ചിത്തരഞ്ജൻ,**
**ചെയർപേഴ്സൺ,**
**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.**

## റിപ്പോർട്ട്

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-14) യുടെ രണ്ടാമത് റിപ്പോർട്ട് (20-10-2011 മുതൽ 31-03-2013 വരെ പരിഗണിച്ച പരാതികൾ സംബന്ധിച്ച റിപ്പോർട്ട്) 2014 ഫെബ്രുവരി 06-ന് സഭയിൽ സമർപ്പിച്ചു.

സംസ്ഥാനത്തെ വിവിധ മത്സ്യത്തൊഴിലാളി മേഖലകൾ സന്ദർശിക്കുകയും സമിതിക്ക് ലഭിച്ച പരാതികളും നിവേദനങ്ങളും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 28 ശിപാർശകൾ/നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

പ്രസ്തുത ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പ് 09-04-2014-ന് മത്സ്യബന്ധന തുറമുഖം തദ്ദേശസ്വയംഭരണം, ജലവിഭവം, ആരോഗ്യ കുടുംബക്ഷേമം, ഭക്ഷ്യ പൊതുവിതരണം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തിരുന്നു.

റിപ്പോർട്ടിലെ ശുപാർശകളും അവയിന്മേൽ മത്സ്യബന്ധന തുറമുഖം, ആരോഗ്യ കുടുംബക്ഷേമം, തദ്ദേശസ്വയംഭരണം, ജലവിഭവം, ഭക്ഷ്യ പൊതുവിതരണം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

ഹാർബർ ഏരിയയിൽ നിന്നും എത്ര ദൂരം അകലെയുള്ള കടൽഭിത്തി തീര സംരക്ഷണ പ്രവർത്തനങ്ങളാണ് ജലസേചന വകുപ്പ് നടത്തേണ്ടത് എന്നതു സംബന്ധിച്ച് വ്യക്തമായ ഉത്തരവുകളോ നിബന്ധനകളോ പുറപ്പെടുവിക്കണമെന്ന സമിതിയുടെ തുടർശിപാർശയിന്മേൽ (ഖണ്ഡിക നമ്പർ-25) ജലവിഭവ (ജലവിതരണ) വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സമിതി ശിപാർശകളും അതിന്മേൽ സ്വീകരിച്ച നടപടികളും**

| ക്രമ നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമാകേണ്ട പഞ്ഞമാസ ആശ്വാസ പദ്ധതിപ്പണ വിതരണം സുഗമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമ്പാദ്യ ആശ്വാസ പദ്ധതിപ്പണമായി ഇപ്പോൾ നൽകിവരുന്ന 1800 രൂപ 3600 രൂപയായി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. **(ഖണ്ഡിക നമ്പർ -13)** | **മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്** **(08-12-2015 ലെ 7275/ബി1/2014/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾ തെറ്റായ വിവരങ്ങൾ നൽകുന്നതിലൂടെയാണ് സമ്പാദ്യ സമാശ്വാസ തുക യഥാസമയം ലഭിക്കാതിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ 25/05/2015-ലെ F.No. 12035/01/2014-FY (WK) നമ്പർ ഉത്തരവ് പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള തുക 1800/- രൂപയിൽ നിന്നും 2700/- രൂപയായി ഉയർത്തിയിട്ടുണ്ട്. തുക വർഷത്തിൽ 3600/- രൂപയായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരാണ് അനുമതി നൽകേണ്ടത്. **(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 2 | തീരപ്രദേശങ്ങളിൽ നിന്നുള്ള പാരിസ്ഥിതിക മാലിന്യം മുഴുവൻ അവസാനം കടലിൽ നിക്ഷേപിക്കപ്പെടാൻ തുടങ്ങിയതോടെ സമുദ്രത്തിനുള്ളിലെ ആവാസ വ്യവസ്ഥ തകിടം മറിഞ്ഞു. ഇത് പല കടൽ ജീവികൾക്കും ഗുണമേന്മയുള്ള മത്സ്യ സമ്പത്തിനും വംശംനാശ ഭീഷണിയുയർത്തുന്നു. മത്സ്യസമ്പത്തിന്റെ നാശം കടലിനെ ആശ്രയിച്ച് കഴിയുന്ന മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാഴ്ത്തുക മാത്രമല്ല നമ്മുടെ സമ്പദ്ഘടനയേയും ദോഷ | **മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്** **(02-11-2019 ലെ 3690250/ബി1/2019/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** കടലും തീരദേശവും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ട് മലിനീകരിക്കപ്പെടുകയാണെന്നും ആയത് കടലിലെ മത്സ്യ ഉൽപ്പാദനത്തെ ദോഷമായി ബാധിച്ചിട്ടുണ്ടെന്നും ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധനത്തിനിടയിലും അല്ലാതെയും ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കരയിൽ കൊണ്ടു വന്ന് സംസ്കരിച്ച് റോഡ് നിർമ്മാണം അടക്കമുള്ള പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കടൽത്തീരത്ത് അടിയുന്ന മാലിന്യങ്ങൾ യഥാസമയം സംസ്കരിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള ശുചിത്വ സാഗരം പദ്ധതി കൊല്ലം ജില്ലയിലെ ശക്തികുളങ്ങര, നീണ്ടകര |

| | | |
|---|---|---|
| | കരമായി ബാധിക്കും. അതിനാൽ പ്രകൃതിദത്ത മത്സ്യസമ്പത്തിന് ദോഷകരമായ കടൽ മലിനീകരണം തടയുന്നതിന് ശക്തവും ഫലപ്രദവുമായ നടപടി ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 14)** | ഹാർബറിൽ നടപ്പാക്കി വരുന്നു. മത്സ്യബന്ധനത്തിനിടയിൽ വലയിൽ ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ (അജൈവ മാലിന്യങ്ങൾ) ശേഖരിച്ച് കഴുകി വൃത്തിയാക്കി കരയിൽ എത്തിക്കുന്നതിലേയ്ക്ക് സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബോട്ട് ഓണേഴ്സ് അസോസിയേഷൻ, ഹാർബർ, എഞ്ചിനീയറിംഗ് വകുപ്പ്, സാഫ് (സൊസൈറ്റി ഫോർ അസിസ്റ്റന്റ് ടു ഫിഷർ വുമൺ) നെറ്റ് ഫിഷ്, എം.പി.ഇ.ഡി.എ (മറൈൻ പ്രോഡക്ട് എക്സ്പോർട്ട് ഡവലപ്പ്മെന്റ് അതോറിറ്റി) എന്നിവരും ശുചിത്വ മിഷനും പങ്കാളിയായ പദ്ധതിയാണ് ശുചിത്വ സാഗരം, യന്ത്രവൽകൃത ബോട്ടുകൾക്ക് ഇതിനായി നൽകിയിട്ടുള്ള സഞ്ചികളിൽ ഇവർ കൊണ്ട് വരുന്ന പ്ലാസ്റ്റിക് അടക്കമുള്ള അജൈവ വസ്തുക്കൾ സാഫ് അംഗങ്ങൾ ശക്തികുളങ്ങര ഹാർബറിൽ വെച്ച് കഴുകി ഉണക്കി ഷ്രെഡ്ഡിംഗിനായി നീണ്ടകര ഹാർബറിൽ സ്ഥാപിച്ചിട്ടുള്ള ഷ്രെഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് കൈമാറും. സാഫ് അംഗങ്ങൾ അവ പൊടിച്ച് എടുക്കും. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക്ക് ഹാർബർ എഞ്ചിനിയറിംഗ് വിഭാഗം റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നു.<br>**(22-10-2020 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 3. | ആഗോള താപനം, കടൽജല നിരപ്പുയരൽ, കാലാവസ്ഥാവ്യതിയാനം, കൊടുങ്കാറ്റ് തുടങ്ങിയ പ്രതിഭാസങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ഒരു ഭീഷണിയായി വർദ്ധിച്ചു വരികയാണ്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്നതിനും വളരെയേറെ മുൻ കരുതലുകൾ ആവശ്യമാണ്. ഇതു സംബന്ധിച്ച വിശദമായ കാലാവസ്ഥാ പഠനം നടത്തി പ്രകൃതി ക്ഷോഭത്തിന്റെ സാധ്യത സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്ന ആധുനിക സാങ്കേതിക ഉപകരണങ്ങൾ | **<u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u>**<br>**<u>08-12-2015 ലെ 7275/ബി1/2014/മതുവ നമ്പർ കത്ത് മുഖേന)</u>**<br>മത്സ്യസമ്പത്തിന്റെ ലഭ്യതയുള്ള മേഖലകൾ മത്സ്യത്തൊഴിലാളികളെ അറിയിക്കുക, പ്രതികൂല കാലാവസ്ഥ മുൻകൂട്ടി അറിയിക്കുക, പ്രകൃതിക്ഷോഭങ്ങൾ മുൻകൂട്ടി അറിയിക്കുക, കേരള ഫിഷറീസ് വകുപ്പിന്റെയും അനുബന്ധ ഏജൻസികളുടെയും വിവിധ സ്കീമുകൾ മത്സ്യത്തൊഴിലാളികളെ അറിയിക്കുക ആധുനിക ഗവേഷണ രംഗത്തെ കണ്ടുപിടുത്തങ്ങൾ മത്സ്യത്തൊഴിലാളി മേഖലയിൽ എത്തിക്കുക എന്നീ ലക്ഷ്യങ്ങളോട 08.06.2007-ലെ ജി.ഒ (ആർ.ടി) 356/07/മ.തു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ 9 തീരദേശ ജില്ലകളിൽ മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങൾ, |

| | | |
|---|---|---|
| | സ്ഥാപിക്കുന്നത് മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമായിരിക്കും എന്ന് സമിതി അഭിപ്രായ പ്പെടുന്നു.<br><br>**(ഖണ്ഡിക നമ്പർ – 15)**<br><br><br>**<u>23-11-2016 -ലെ യോഗത്തിൽ നൽകിയ തുടർ ശിപാർശ</u>**<br><br>മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വിവരങ്ങൾ തൊഴിലാളികളെ മുൻകൂട്ടി അറിയിക്കുവാൻ ഫ്ലക്സ് ബോർഡുകൾക്ക് പകരം പരിസ്ഥിതി സൗഹൃദ വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ബോർഡുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | വിവരസാങ്കേതിവിദ്യയുടെ സഹായത്തോടെ മനസ്സിലാക്കുന്നതിനായി എല്ലാ മത്സ്യ വിജ്ഞാന കേന്ദ്രങ്ങൾക്കും കമ്പ്യൂട്ടർ സിസ്റ്റം അനുവദിക്കുകയും ഇപ്രകാരം മനസ്സിലാക്കുന്ന വിവരങ്ങൾ മത്സ്യത്തൊഴിലാളികളെ കൃത്യസമയത്ത് അറിയിക്കുന്നതിനായി പബ്ലിക് അഡ്രസ്സ് സിസ്റ്റം വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിവരങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനായി ഫ്ലക്സ് ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.<br>**(23-11-2016 -ലെ യോഗത്തിൽ പരിഗണിക്കുകയും തുടർ ശിപാർശ നൽകുകയും ചെയ്തു.)**<br><br>**<u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u>**<br>**<u>(03-01-2024 ലെ ബി1 /284/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br><br>ആഗോള താപനം, കടൽജലനിരപ്പുയരൽ, കാലാവസ്ഥാ വ്യതിയാനം, കൊടുങ്കാറ്റ് തുടങ്ങിയ പ്രതിഭാസങ്ങൾ മൂലമുള്ള പ്രശ്നങ്ങൾ സംബന്ധിക്കുന്ന വിശദമായ കാലാവസ്ഥ പഠനങ്ങൾ നടത്തുകയും, പ്രകൃതിക്ഷോഭത്തിന്റെ സാധ്യത സംബന്ധിച്ച് വിവരങ്ങൾ കൈകാര്യം ചെയ്യുന്നത് ഇന്ത്യൻ മിറ്റിയോറോളജിക്കൽ വകുപ്പും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമാണ്. ഈ വകുപ്പുകൾ പുറപ്പെടുവിക്കുന്ന കാലാവസ്ഥ മുന്നറിയിപ്പുകൾ സമയബന്ധിതമായി മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ഹാർബറുകൾ കേന്ദ്രീകരിച്ച് ഇലക്ട്രോണിക് ഡിസ്പ്ലെ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും 2022-23 സാമ്പത്തിക വർഷത്തിൽ വിഴിഞ്ഞം, മുനമ്പം, ബേപ്പൂർ എന്നീ ഹാർബറുകളിൽ ഇലക്ട്രോണിക് ഡിസ്പ്ലെ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ നീണ്ടകര ഫിഷിംഗ് ഹാർബറിൽ ടി ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| | | കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ, പ്രകൃതി ക്ഷോഭത്തിന്റെ സാധ്യത സംബന്ധിച്ച് മുന്നറിയിപ്പ് എന്നിവ സമയബന്ധിതമായി മത്സ്യത്തൊഴിലാളികളിലേയ്ക്ക് എത്തിക്കുന്നതിന് 20 ഫിഷറീസ് ഓഫീസുകൾ കേന്ദ്രീകരിച്ച് "Early Warning & control system" സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നേരിട്ട് നടപടികൾ സ്വീകരിച്ച് വരുന്നു.<br>**(03-09-2024 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 4 | നിലവിലെ മത്സ്യസമ്പത്ത് പരിരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും കടലിലെ തനതു ആവാസ വ്യവസ്ഥയെ ഹാനികരമായി ബാധിക്കുന്ന തരത്തിലുള്ള മത്സ്യബന്ധന രീതി തടയണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 16)** | **<u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u>**<br>**<u>(08-12-2015 ലെ 7275/ബി1/2014/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br>നിലവിലെ മത്സ്യസമ്പത്ത് പരിരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും കടലിലെ തനതു ആവാസ വ്യവസ്ഥയെ ഹാനികരമായി ബാധിക്കുന്ന തരത്തിലുള്ള മത്സ്യബന്ധന രീതി തടയുന്നതിനായി ഫിഷറീസ് വകുപ്പിന് കീഴിൽ വിഴിഞ്ഞം നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ബോട്ട് വാടകയ്ക്ക് എടുത്ത് മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോടെ കടൽ പട്രോളിംഗ് നടത്തി വരുന്നുണ്ട്. കൂടാതെ ഫിർമ വഴി നിരവധി മത്സ്യസംരക്ഷണ പ്രവർത്തനങ്ങളും നിലവിൽ നടത്തി വരുന്നു. Purse – scene pelagic and mid water trawl എന്നിവ നിരോധിച്ചിട്ടുണ്ട്. കുഞ്ഞുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ട്രോൾ നെറ്റിന്റെ കോഡ് എൻഡിൽ 35mm-ൽ കുറഞ്ഞ കണ്ണി വലിപ്പം ഉള്ള വലകൾ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള മത്സ്യബന്ധന രീതികൾ അവലംബിക്കുന്ന യാനങ്ങളെ കണ്ടു കെട്ടുന്നതിനും പെനാലിറ്റി ചുമത്തുന്നതിനും കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിന് പോലീസ് സൂപ്രണ്ട്, മറൈൻ എൻഫോഴ്സ്മെന്റ് & വിജിലൻസിന് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>**(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | |
|---|---|---|
| 5. | ട്രോളിംഗ് നിരോധന കാലത്ത് ഇൻബോർഡ് എഞ്ചിൻ വള്ളങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 17)** | **<u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u>**<br>**<u>(08-12-2015 ലെ 7275/ബി1/2014/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br><br>2007-ലെ കേരള വർഷകാല മത്സ്യബന്ധന സംരക്ഷണ നിയമം പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന പരമ്പരാഗതവും പരിഷ്കരിച്ചതുമായ വള്ളങ്ങൾ (പരിഷ്കരിച്ചത് എന്നാൽ രൂപത്തിലും വലിപ്പത്തിലും പരിഷ്കാരം വരുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ചലിപ്പിക്കുന്നതിനുമാത്രം എഞ്ചിനും മോട്ടോറുകളും ഉപയോഗിക്കുന്നതുൾപ്പെടെയുള്ള നാട്ടുവള്ളമോ യാനമോ) ഉപയോഗിച്ച് വർഷകാലത്ത് സമുദ്രോപരിതല മത്സ്യബന്ധനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള ഇൻബോർഡ് വള്ളങ്ങളെ ട്രോളിംഗ് നിരോധന കാലത്ത് നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.<br>**(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 6. | തീരദേശത്തെ കുടിവെള്ളക്ഷാമം, പകർച്ചവ്യാധി വ്യാപനം എന്നിവ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ –18)** | **<u>അരോഗ്യകുടുംബക്ഷേമ (എഫ്) വകുപ്പ്</u>**<br>**<u>(14-12-2015 ലെ 19873/എഫ്2/2014/ആകുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br><br>തീര പ്രദേശങ്ങളിലെ കടിവെള്ള ക്ഷാമം, പകർച്ചവ്യാധി വ്യാപനം എന്നിവ തടയുന്നതിന് എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. തീര പ്രദേശങ്ങളിൽ ടാങ്കർ ലോറി മുഖേന വിതരണം ചെയ്യുന്ന ജലം ശുദ്ധജലമാണെന്ന് 'ഉറപ്പാക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ ടാങ്കർ ലോറികളിലെ വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിക്കുകയും ആയത് ലാബുകളിൽ അയച്ച് ടെസ്റ്റ് ചെയ്യുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൊല്ലം ജില്ലയിൽ തീരദേശ മൽസ്യത്തൊഴിലാളികൾക്ക് ശുദ്ധമായ കുടിവെള്ളം |

| | | |
|---|---|---|
| | | ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകാൻ തീരദേശം ആരോഗ്യ സ്ഥാപന മേധാവികളെ ചുമതലപ്പെടുത്തി. ഉപ്പു വെള്ളം ശുദ്ധീകരിച്ച് ഉപയോഗപ്രദമാക്കുന്നതിനുള്ള റിവേഴ്സ്-ഓസ്മോസിസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും പഞ്ചായത്തിന് പ്രോജക്ട് സമർപ്പിക്കാൻ വകുപ്പ് മേധാവികളെ ചുമതലപ്പെടുത്തി. തീരദേശവാസികൾ ശേഖരിച്ചു വയ്ക്കുന്ന ജലത്തിൽ കൊതുക് പ്രവേശിക്കാത്ത വിധം മൂടി സൂക്ഷിക്കുന്നതിനും, മറ്റും നിർദ്ദേശങ്ങൾ നൽകി വരുന്നു. ജലം കൂത്താടികളും മറ്റും കാരണം. പകർച്ചവ്യാധികൾക്ക് ഇടയാക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും, ക്ലോറിൻ ഗുളിക ലായിനി ഉപയോഗിച്ച് ശുദ്ധീകരിക്കുകയും ചെയ്തു വരുന്നുണ്ട്. ഫീൽഡ് വിഭാഗം ജീവനക്കാർ വീട് വീടാന്തരം കയറിയിറങ്ങി ആരോഗ്യ ബോധവൽക്കരണം, മറ്റ് കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു. കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉറവിട നശീകരണം, സ്പ്രേയിംഗ്, ഫോഗിംഗ്, ആഴ്ചതോറുമുള്ള വെക്ടർ സ്റ്റഡി എന്നിവ നടത്തി മൽസ്യത്തൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങളിൽ പകർച്ചവ്യാധി പ്രതിരോധത്തിനായി പാലിക്കേണ്ട നല്ല ആരോഗ്യ ശീലങ്ങളെക്കുറിച്ചും വിവിധ തലങ്ങളിൽ വ്യത്യസ്ഥ മാർഗ്ഗങ്ങളിലൂടെ (ലഘുലേഖകൾ, പോസ്റ്ററുകൾ, ബാനറുകൾ സെമിനാറുകൾ, മൈക്ക് പ്രചരണം, സി.ഡി. പ്രദർശനം തുടങ്ങിയവ) ആരോഗ്യ പ്രവർത്തകർ ബോധവൽക്കരണം നടത്തുന്നുണ്ട്. ജില്ലാ തലത്തിൽ ഈ പ്രവർത്തനങ്ങളെ വിശകലനം ചെയ്യുകയും വിവിധ മേഖലകളിൽ ജില്ലാ തല ടീം നേരിട്ട് സന്ദർശനം നടത്തി ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.<br><br>**(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | |
|---|---|---|
| | **<u>23-11-2016 -ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം</u>**<br>222 കടലോര മത്സ്യഗ്രാമങ്ങളിൽ കുടിവെള്ളം ലഭ്യമാക്കാത്തയിടങ്ങളിൽ കുടിവെള്ള പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണം എത്താത്തയിടങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണമെന്നും വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. 79 ഗ്രാമങ്ങളിലൊഴികെ മറ്റിടങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണെന്നും ടി 79 ഗ്രാമങ്ങളിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ തൽസ്ഥിതി റിപ്പോർട്ടും ലഭ്യമാക്കാനും സമിതി ആവശ്യപ്പെടുകയും ചെയ്തു | **<u>(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u>**<br>**<u>(18-05-2015 ലെ 7287/സി2/14/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br><br>222 കടലോര മത്സ്യഗ്രാമങ്ങളിൽ 79 ഗ്രാമങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ മുൻവർഷങ്ങളിൽ സർക്കാരിന്റെ ഭരണാനുമതി നേടുകയും പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക കെ.എസ്.സി.എ.ഡി.സി-യ്ക്ക് കൈമാറുകയും ചെയ്തു. കെ.എസ്.സി.എ.ഡി.സി. വാട്ടർ അതോറിറ്റി മുഖേന പ്രസ്തുത പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.<br>**(23-11-2016 -ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)**<br><br>**<u>ജലവിഭവ (ജലവിതരണ-സി) വകുപ്പ്</u>**<br>**<u>(24-05-2017 ലെ 18568/സി1/14/ജവിവ നമ്പർ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br><br>തീരപ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ വേണ്ടി കേരള വാട്ടർ അതോറിറ്റി കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടേയും നബാർഡ്, ജിക്ക തുടങ്ങിയ മറ്റു ധനകാര്യ സ്ഥാപനങ്ങളുടേയും തീരദേശ വികസന കോർപ്പറേഷന്റേയും സഹായത്തോടെ വിവിധ ജലവിതരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ സുനാമി പുനരധിവാസ പദ്ധതി പ്രകാരം കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തീരദേശപ്രദേശങ്ങളിൽ വിവിധ ജലവിതരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി കേരള വാട്ടർ അതോറിറ്റി വിവിധ ജില്ലകളിൽ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു. |

| | | |
|---|---|---|
| | | **തിരുവനന്തപുരം ജില്ല**<br>തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി നിലവിലുള്ള പൈപ്പ് ലൈൻ നെറ്റ്‌വർക്കിനു പുറമെ പുതിയ ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി വലിയതുറ വലിയവേളി തുടങ്ങിയ പ്രദേശങ്ങളിൽ 321 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. വലിയ വേളി പദ്ധതി പൂർത്തീകരിച്ചു. വലിയ തുറ പദ്ധതി 90% പൂർത്തീകരിച്ചു. അവശേഷിക്കുന്ന 10% പൂർത്തീകരിക്കുന്നതിനായി PWD ടാർകട്ടിങ്ങ് അനുമതി ലഭ്യമായിട്ടില്ല. ടാർകട്ടിങ്ങ് അനുമതി ലഭ്യമാകുന്ന മുറക്ക് പദ്ധതി പൂർത്തികരിക്കുന്നതാണ്.<br><br>അഞ്ചുതെങ്ങ്, ചിറയിൻകീഴ്, വർക്കല, വെട്ടൂർ എന്നീ മത്സ്യത്തൊഴിലാളി വില്ലേജികളിൽ 30 വർഷത്തോളം പഴക്കമുള്ള വിതരണ പൈപ്പുകളാണ് നിലവിലുള്ളത്. ഈ പൈപ്പുകളിൽ പലതും കാലപഴക്കം കൊണ്ട് ഉപയോഗക്ഷമമല്ലാതായിരിക്കുന്നു. ആയതിനാൽ കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി പുതിയ പി.വി.സി പൈപ്പുകൾ സ്ഥാപിക്കുവാനായി 225 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി യിട്ടുണ്ട്. അനുയോജ്യമായ ഫണ്ടിങ്ങ് ഏജൻസിയിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.<br><br>തുമ്പ, പുതുക്കിറിശ്ശി എന്നീ ഫിഷിംഗ് വില്ലേജുകളിൽ പുതിയ പൈപ്പ് ലൈൻ ഇടുന്നതിനായി 329.89 ലക്ഷം രൂപ അനുവദിക്കുകയും ടി പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വെട്ടൂർ മത്സ്യഗ്രാമത്തിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതിയുടെ പണിയും പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 55 ലക്ഷം രൂപ ചെലവായി. മാമ്പള്ളി മത്സ്യഗ്രാമത്തിൽ 35 ലക്ഷം രൂപ ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതിയുടെ പണികളും പൂർത്തീകരിച്ചു. ചിലക്കൂർ മത്സ്യഗ്രാമത്തിലെ കുടിവെള്ള പദ്ധതിയ്ക്ക് |

| | | |
|---|---|---|
| | | 30/09/2016-ൽ 85 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br>തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെടുന്ന തീരദേശമേഖലയിലും, പൂവ്വാർ, കരുംകുളം, കോട്ടുക്കൽ എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന തീരദേശ മേഖലയിലും നിലവിലുള്ള കുടിവെള്ളപദ്ധതികളിൽ നിന്നും ജലവിതരണം നടത്തി വരുന്നു. വിഴിഞ്ഞം തീരദേശമേഖലയിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനു വേണ്ടി പണി പൂർത്തീകരിച്ച 3.35 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ നിന്നും ശുദ്ധജലം വിതരണം ചെയ്തു വരുന്നു.<br>പൂവ്വാർ, കരുംകുളം പഞ്ചായത്തുകൾ ഉൾപ്പെടുന്ന തീരുദേശ മേഖലകളിൽ കരിച്ചൽ പദ്ധതിയിൽ നിന്നും 0.50 ദശലക്ഷം ശേഷിയുള്ള മൈക്രോഫിൽറ്റർ വഴി ശുദ്ധീകരിച്ച ജലം എല്ലാ ദിവസവും നേരിട്ടുള്ള ലൈൻ പമ്പിങ്ങ് മുഖേന നൽകി വരുന്നു.<br>കോട്ടുകാൽ പഞ്ചായത്തിലെ അടിമലത്തുറ തീരദേശമേഖലയിൽ ചൊവ്വാര ജലവിതരണപദ്ധതിയിൽ നിന്നും എല്ലാ ദിവസവും ജലം വിതരണം ചെയ്തു വരുന്നു. കുളത്തൂർ പഞ്ചായത്തിലെ തീരദേശമേഖലയിൽ പഞ്ചായത്തിന്റെയും ജലനിധിയുടെയും മേൽ നോട്ടത്തിലുള്ള പദ്ധതികളിൽ നിന്നുള്ള കുടിവെള്ളമാണ് വിതരണം ചെയ്യുന്നത്.<br>**<u>കൊല്ലം ജില്ല</u>**<br>കൊല്ലം ജില്ലയിലെ തീരദേശ പഞ്ചായത്തായ നീണ്ടകരയിൽ കൊല്ലം ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ജലവിതരണം നടത്തിവരുന്നു. ആലപ്പാട് പഞ്ചായത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അമൃതാനന്ദമയി മഠത്തിന്റെ സഹായത്തോടുകൂടി 37.70 ലക്ഷം രൂപ മുടക്കി പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തി വരുന്നു. |

| | | |
|---|---|---|
| | | **<u>കോട്ടയം ജില്ല</u>**<br>കോട്ടയം ജില്ലയിൽ മറവൻതുരുത്ത് പഞ്ചായത്തിൽ കുലശേഖരമംഗലം വില്ലേജിനുവേണ്ടി വെളിയന്നൂർ, തലയാഴം ശുദ്ധജലവിതരണ പദ്ധതികളുടെ ജലശുദ്ധീകരണശാലയിലെ ജലം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് 08/2012-ൽ 975 ലക്ഷം രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയുടെ വിതരണ ശൃംഖലയുടെ പണി പൂർത്തീകരിച്ച് ജലവിതരണം ക്രമമായി നടത്തി വരുന്നു. ടോൾ ജംഗ്ഷനിൽ 4 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിയുടേയും, മറവൻതുരുത്തിൽ 2 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിയുടേയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ പൈപ്പ് ലൈനുകളുടെ പ്രവൃത്തി ഡിസംബർ മാസത്തോടെ പൂർത്തീകരിച്ച് ജലസംഭരണികൾ കമ്മീഷൻ ചെയ്യുന്നതോടെ ജലവിതരണം കൂടുതൽ കാര്യക്ഷമമാകുന്നതാണ്. കൂടാതെ നിലവിലുള്ള ഭരണാനുമതിയിൽപ്പെടുത്തി, പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നിലവിലുള്ള വിതരണ ശൃംഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്കു വേണ്ടിയുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കോട്ടയം ജില്ലയിൽ തലയാഴം വില്ലേജിനുവേണ്ടി വെളിയന്നൂർ, തലയാഴം ശുദ്ധജല വിതരണ പദ്ധതികളുടെ പൊതു സ്രോതസ്സായ മേവെള്ളൂരിലെ 45 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയിലെ ജലം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് 08/2012-ൽ 860 ലക്ഷം രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. 6 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണി യുടേയും, ജലവിതരണ ശൃംഖലയുടേയും പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം കാര്യക്ഷമമായി നടത്തിവരുന്നു. |

| | | |
|---|---|---|
| | | കോട്ടയം ജില്ലയിൽ വെച്ചൂർ വില്ലേജിനുവേണ്ടി വെളിയന്നൂർ, തലയാഴം ശുദ്ധജല വിതരണ പദ്ധതികളുടെ പൊതു സ്രോതസ്സായ മേവെള്ളൂരിലെ 45 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയിലെ ജലം ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് 11/2012-ൽ 750 ലക്ഷം രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. വെരുവള്ളിയിൽ 490 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതല സംഭരണിയുടേയും, ജലവിതരണ ശൃംഖലയുടേയും, ഈ പദ്ധതിയുടെ ഭാഗമായ ജലശുദ്ധീകരണ ശാലയിൽ പമ്പ് ഹൗസ്, ചുറ്റുമതിൽ, ലീഡിംഗ് ചാനൽ, സംരക്ഷണ മതിൽ എന്നിവയുടേയും പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം ക്രമമായി നടത്തി വരുന്നു. ജലശുദ്ധീകരണ ശാലയിൽ 180 കുതിരശക്തിയുള്ള 3 പമ്പ് സെറ്റുകളുടെ പണികൾ പൂർത്തീകരിച്ച് അധിക പവർ കണക്ഷനുള്ള അനുമതിക്കുവേണ്ടി KSEB-യിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്നതോടെ ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുന്നതാണ്. കൂടാതെ നിലവിലുള്ള സാമ്പത്തിക അനുമതിയിൽപ്പെടുത്തി, പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നിലവിലുള്ള വിതരണ ശൃംഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി 40.40 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കോട്ടയം ജില്ലയിൽ ചെമ്പ് പഞ്ചായത്തിനുവേണ്ടി വെളിയന്നൂർ, തലയാഴം ശുദ്ധജല വിതരണപദ്ധതികളുടെ പൊതു സ്രോതസ്സായ മേവെള്ളൂരിലെ 45 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയിലെ ജലം ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് 08/2012-ൽ 350 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. ബ്രഹ്മമംഗലം. ചെമ്പ്, കാട്ടിക്കുന്ന് എന്നീ മേഖലകളിലേയ്ക്കുള്ള ജലവിതരണ ശൃഖലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തിവരുന്നു. കൂടാകെ നിലവിലുള്ള സാമ്പത്തിക അനുമതിയിൽപ്പെടുത്തി പഞ്ചായത്തിലെ വിവിധ |

| | | |
|---|---|---|
| | | വാർഡുകളിലെ നിലവിലുള്ള വിതരണ ശൃഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന ജോലികൾ പുരോഗമിച്ചു വരുന്നു.<br>വെളിയന്നൂർ, തലയാഴം ശുദ്ധജല വിതരണ പദ്ധതികളുടെ പൊതു സ്രോതസ്സായ മേവെള്ളൂരിലെ 45 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയിലെ ജലം ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കുള്ള ജലസംഭരണിയുടെ നിർമ്മാണത്തിനായി 2013-ൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത ജോലിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 225 ലക്ഷം രൂപയാണ് ആവശ്യമായി വരുന്നത്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ വിതരണ ശൃഖലയ്ക്കുള്ള 650.00 ലക്ഷം തുക വരുന്ന എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.<br>ഉദയനാപുരം പഞ്ചായത്തിനായുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയ്ക്കായി 800 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തുരവേലിക്കുന്നിൽ നിർമ്മിക്കുന്ന 120 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടേയും ജലവിതരണ ശൃഖലയുടേയും ടെണ്ടർ നടപടികൾക്കായുള്ള വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.<br>**ആലപ്പുഴ ജില്ല**<br>ആലപ്പുഴ ജില്ലയുടെ തീരപ്രദേശങ്ങളിൽ കുഴൽ കിണർ സ്രോതസ്സായുള്ള ചെറുകിട ജലവിതരണ പദ്ധതികളിൽ നിന്നും ജലവിതരണം നടത്തിവരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയും സമഗ്ര ജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>**എറണാകുളം ജില്ല**<br>എറണാകുളം ജില്ലയിലെ ജിഡ, ഫിഷറീസ് എന്നീ ഡിപ്പാർട്ടുമെന്റുകളുടെ ധനസഹായത്തോടെ 12 കി.മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് എടവനക്കാട് പഞ്ചായത്തിലെ |

| | | |
|---|---|---|
| | | അണിയൻ എന്ന സ്ഥലത്ത് 11.15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിച്ച് എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ളവിതരണം നടത്തി വരുന്നു.<br>മത്സ്യഗ്രാമം (ICAD) പദ്ധതി പ്രകാരം പള്ളിപ്പുറം, കുമ്പളം, എടവനക്കാട് എന്നീ പഞ്ചായത്തുകളിലും ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഏരിയ പ്രോജക്ടിൽ ഉൾപ്പെടുത്തി വടക്കേക്കര ഫിഷിംഗ് വില്ലേജിലെയും കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>ഉദയംപേരൂർ പഞ്ചായത്തിൽ മത്സ്യഗ്രാമം പദ്ധതി പ്രകാരം 88.93 ലക്ഷത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിനായിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഏകദേശം 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.<br>എറണാകുളം നഗരത്തിലുൾപ്പെട്ട തീരദേശ വാർഡുകളിൽ ജന്റം പദ്ധതിയിൽ-പ്പെടുത്തി മൂവാറ്റുപുഴയാറിൽ നിന്ന് വെള്ളം കൊണ്ടു വന്ന് നഗരത്തിൽ വിതരണം ചെയ്തു തുടങ്ങിയതോടെയും കടമക്കുടി പഞ്ചായത്തിൽ നടന്നു വന്ന പദ്ധതികൾ പൂർത്തീയാക്കിയതോടെയും കുടിവെള്ള ക്ഷാമം ഒരു പരിധി വരെ പരിഹരിച്ചിട്ടുണ്ട്. കൂടാതെ സസ്റ്റൈനബിൾ ഫിഷറീസ് വില്ലേജ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ചെല്ലാനത്തെ വിതരണ ശൃംഖല ശക്തിപ്പെടുത്താവാനുള്ള 650 ലക്ഷം രൂപയുടെ പദ്ധതി 3 ഘട്ടങ്ങളായി നടപ്പിലാക്കി വരുന്നു. ഇതിൽ കക്കടവ് OH ടാങ്ക് മുതൽ കണ്ണമാലി OH ടാങ്ക് വരെ 450 എംഎംഡിഐകെ7 പൈപ്പ് സ്ഥാപിക്കുന്ന ജോലി പൂർത്തീകരിക്കുകയും, ചെല്ലാനം തെക്ക് വശത്തുള്ള പ്രദേശങ്ങളുടെ വിതരണ ശൃഖല മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തി 90 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാം ഘട്ടമായ ചെല്ലാനം പാണ്ടികുടി റോഡിൽ നിന്നും കളത്തറ കായൽ കടന്ന് കുതിരക്കൂർകരിയിലേക്കുള്ള 200 എംഎം എച്ച്ഡിപി പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

| | | |
|---|---|---|
| | | <u>തൃശ്ശൂർ ജില്ല</u><br>തൃശ്ശൂർ ജില്ലയിലെ തീരദേശങ്ങളിൽ വരുന്ന കൊടുങ്ങല്ലൂർ, മേത്തല, ഏറിയാട്. എടവിലങ്ങ് എന്നീ പഞ്ചായത്തുകളിൽ ഏറിയാട്, എടവിലങ്ങ് സമഗ്ര ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തി വരുന്നു.<br>തൃശ്ശൂർ ജില്ലയിലെ നാട്ടിക ഫിർക്കയിൽ വരുന്ന മതിലകം, എസ്.എൻ. പുരം, പെരിഞ്ഞനം, കൈപ്പമംഗലം, എടത്തുരുത്തി വലപ്പാട്, നാട്ടിക, തളിക്കുളം, വാടാനപ്പിള്ളി, എങ്ങിയൂർ പഞ്ചായത്തുകളിൽ നാട്ടിക ഫിർക്ക സമഗ്ര ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നുമാണ് ജലവിതരണം നടത്തുന്നത്. വർദ്ധിച്ചുവരുന്ന ശുദ്ധജല ഉപഭോഗം കണക്കിലാക്കി പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. അതുവരെ ഇപ്പോൾ നൽകുന്നതുപോലെ ഒന്നിടവിട്ട ദിവസങ്ങളിൽ വാൽവ് ഓപ്പറേഷനിലൂടെ ജലവിതരണം നടത്താനാകും.<br><u>മലപ്പുറം ജില്ല</u><br>മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജല വിതരണം നടത്തുന്നതിനു വേണ്ടി കെ.എസ്.സി.എ.ഡി.സി മുഖേന പരപ്പനങ്ങാടി വില്ലേജിനു വേണ്ടി 100.00 ലക്ഷം രൂപയുടെ അനുമതിയും ആലുങ്ങൽ ഏരിയ കുടിവെള്ള പദ്ധതിക്കുവേണ്ടി 36.72 ലക്ഷം രൂപയുടെ അനുമതിയും നൽകിയിരുന്നു.<br>ആയതിൽ പരപ്പനങ്ങാടി വില്ലേജിലേക്ക് പൈപ്പ് ലൈൻ നീട്ടുന്ന നിർദ്ദിഷ്ട പ്രവൃത്തിയും, അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആയതുപോലെ ആലുങ്ങൽ ഏരിയ കുടിവെള്ള പദ്ധതിയുടെ 80% പ്രവൃത്തികളും (മെയിൻ ലൈൻ നീട്ടുന്ന പ്രവൃത്തികൾ) പൂർത്തീകരിച്ചു. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ മത്സ്യബന്ധന ഗ്രാമം കുടിവെള്ള പദ്ധതിക്ക് വേണ്ടി 69.55 ലക്ഷം രൂപയുടെ അനുമതി നൽകിയെങ്കിലും സമീപവാസികളുടെ തടസ്സവാദം കാരണം പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. |

| | | |
|---|---|---|
| | | കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പദ്ധതിയിൽ നിന്നും നിർദ്ദിഷ്ട അരിയല്ലൂർ മത്സ്യബന്ധന ഗ്രാമത്തിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തിയുടെ പുതിയ വിശദമായ എസ്റ്റിമേറ്റ്/പ്രൊപ്പോസൽ പുതുക്കിയ ഭരണാനുമതിക്കുവേണ്ടി 17.03.2016-ന് കെ.എസ്.സി.എ.ഡി.സി, മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരത്തിന് സമർപ്പിച്ചിരിക്കുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നാനി മുനിസിപ്പാലിറ്റിയിലെ കടവനാട് ഭാഗത്തേക്കുള്ള (വാർഡ് 23,24,25) പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി, പൊന്നാനി മുനിസിപ്പാലിറ്റിയിലെ 35 മുതൽ 51 വരെയുള്ള വാർഡുകളിലേക്കും 1, 2 വാർഡുകളിലേക്കും പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി, വെട്ടം പഞ്ചായത്തിലെ പറവണ്ണ മത്സ്യ ഗ്രാമത്തിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി, താനൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന 2.00 കോടി രൂപക്കുള്ള ഒരു പദ്ധതി എന്നിവയും പൂർത്തീകരിച്ച് ജലവിതരണം നടത്തിവരുന്നു.<br><br>**<u>കോഴിക്കോട് ജില്ല</u>**<br>കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി വടകര പ്രദേശങ്ങളിലേക്ക് തീരദേശ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ ശുദ്ധജലവിതരണം നടത്തി വരുന്നു.<br>ബേപ്പൂർ, മാറാട് പ്രദേശത്തെ കോർപ്പറേഷൻ വാർഡുകളായ 49, 53 എന്നീ വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 70 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കുകയും പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | | ഏലത്തൂർ പഞ്ചായത്തിൽപെട്ടിരുന്ന നിലവിലെ കോർപ്പറേഷൻ വാർഡുകളായ 1, 2, 75 എന്നീ പ്രദേശങ്ങളിൽ കുടിവേള്ളമെത്തിക്കുന്നതിന് മത്സ്യഗ്രാമം പദ്ധതിയിൾപ്പെടുത്തി 163 ലക്ഷം രൂപയുടെ അനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുകയും റെയിൽവേ ക്രോസിംഗ് പ്രവൃത്തി ഒഴിച്ചുള്ള എല്ലാം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റെയിൽവേ ക്രോസിംഗ് പ്രവൃത്തിക്കുള്ള അനുമതി റെയിൽവേയിൽ നിന്നും ലഭിച്ചാൽ ഉടൻ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br>**കണ്ണൂർ ജില്ല**<br>1. കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽപ്പെട്ട ചാലിൽ ഗോപാൽ പേട്ട പ്രദേശത്തെ മത്സ്യഗ്രാമം പദ്ധതിയിൽ (KSCADC) ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി 2016 മാർച്ച് മാസം പൂർത്തീകരിച്ചു. ഗാർഹിക കണക്ഷനുകൾ വഴി ഈ പ്രദേശത്ത് ശുദ്ധജലവിതരണം നടത്തി വരുന്നുണ്ട്. ഇതിൽ പൊതുടാപ്പുകൾ സ്ഥാപിക്കുവാനുള്ള പ്രവൃത്തി തലശ്ശേരി മുനിസിപ്പാലിറ്റിയുടെ അനുമതി ലഭിച്ചാലുടൻ ചെയ്യുന്നതാണ്.<br>2. അഴിക്കോട് പഞ്ചായത്തിലെ അഴീക്കോട് മത്സ്യഗ്രാമം വില്ലേജിലേക്ക് KSCADC – യിൽ ഉൾപ്പെടുത്തി ശുദ്ധജലവിതരണം ഏർപ്പെടുത്തുന്നതിനായുള്ള 225 ലക്ഷം രൂപയുടെ പ്രവൃത്തി 2016 മാർച്ച് മാസം പൂർത്തീകരിച്ചു. ഈ പ്രവൃത്തിയിൽ ബാക്കി വന്ന 15 ലക്ഷം രൂപയ്ക്ക് അഴിക്കോട് മത്സ്യഗ്രാമത്തിൽ പഞ്ചായത്ത് നിർദ്ദേശാനുസരണം കൂടുതൽ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള എസ്റ്റിമേറ്റ് KSCADC യുടെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി കിട്ടിയാലുടൻ പ്രവൃത്തി നടപ്പിലാക്കുന്നതാണ്. മത്സ്യഗ്രാമം കുടിവെള്ള പദ്ധതിയുടെ 122 ലക്ഷം രൂപയുടെ പ്രവൃത്തിക്കുള്ള ടെൻഡർ പൂർത്തീകരിച്ചു. പ്രവൃത്തിക്കുള്ള വർക്ക് ഓർഡർ നൽകുവാനുള്ള നടപടികൾ നടന്നു വരുന്നു. |

| | | |
|---|---|---|
| | | **<u>കാസർഗോഡ് ജില്ല</u>**<br>കാസർഗോഡ് ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിവരങ്ങൾ താഴെ പറയുന്നു.<br>1. മഞ്ചേശ്വരം പഞ്ചായത്തിലെ 142.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ബങ്കര മഞ്ചേശ്വരം തീരദേശ കുടിവെള്ള പദ്ധതിയിൽപ്പെട്ട നാല് പ്രവൃത്തികളിൽ (1) പൊയ്യക്കം കുടിവെള്ള പദ്ധതി (2) പാലേപ്പാടി - ശാന്തിനഗർ - മജൽ കുടിവെള്ള പദ്ധതി (2) കുടിയാർ ഫിഷർമാൻ കോളനി കുടിവെള്ള പദ്ധതി എന്നിവ പൂർത്തിയായിട്ടുണ്ട്. നാലാമത്തെ പദ്ധതിയായ കണ്വതീർത്ഥ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br>2. കുമ്പള പഞ്ചായത്തിലെ 162.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഷിറിയ തീരദേശ കുടിവെള്ള പദ്ധതിയിൽപ്പെട്ട മൂന്ന് പ്രവൃത്തികളിൽ ബേരിക്ക കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുണ്ട്. രണ്ടാമത്തെ പദ്ധതിയായ ശിവാജി നഗർ ഫിഷർമാൻ കോളനി പദ്ധതിയുടെ 70% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.<br>3. ഉദുമ പഞ്ചായത്തിലെ 130.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടിക്കുളം തീരദേശ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ബാക്കിയുള്ള 15.00 ലക്ഷം രൂപ ഉപയോഗപ്പെടുത്തുന്നതിന് എസ്റ്റിമേറ്റ് KSCADC ക്ക് സമർപ്പിച്ചു.<br>4. വലിയ പറമ്പ് പഞ്ചായത്തിലെ 108.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച വലിയ പറമ്പ് തീരദേശ കുടിവെള്ള പദ്ധതിയിൽ നാല് പദ്ധതികളാണ് ഉള്ളത്. അതിൽ ബീച്ചേരി കടപ്പുറം, ഒരിയേരി കടപ്പുറം, തൃക്കരിപ്പൂർ കടപ്പുറം കുടിവെള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ട്.<br>**(30-08-2017-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)** |

| | | |
|---|---|---|
| | **30-08-2017-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം**<br>റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന വിവിധ പദ്ധതികളിൽ പൂർത്തിയായവ എത്ര, ഇനി എത്ര പദ്ധതികൾ എവിടെയെല്ലാം പൂർത്തിയാക്കാനുണ്ട് എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ജലവിഭവ വകുപ്പിനോട് ആവശ്യപ്പെട്ടു. | **ജലവിഭവ (ജലവിതരണ-സി) വകുപ്പ്**<br>**(04-01-2020 ലെ സി1/13/18/ജ.വി.വ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>തീരപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ വേണ്ടി കേരള വാട്ടർ അതോറിറ്റി കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും നബാർഡ്, ജിക്ക തുടങ്ങിയ മറ്റു ധനകാര്യ സ്ഥാപനങ്ങളുടെയും തീരദേശവികസന കോർപ്പറേഷന്റെയും സഹായത്തോടെ വിവിധ ജലവിതരണ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. തീരദേശവികസന കോർപ്പറേഷന്റെ സഹായത്തോടെ വിവിധ ജില്ലകളിലായി 108 ജലവിതരണപദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 98 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 4 പദ്ധതികൾ നടന്നു വരുന്നു. വിവിധ കാരണങ്ങളാൽ ആരംഭിക്കാൻ കഴിയാത്തതും ഉപേക്ഷിക്കപ്പെട്ടതുമായ 6 പദ്ധതികളുണ്ട്.<br>തീരദേശ കോർപ്പറേഷൻ വഴി നടന്നു വരുന്ന പദ്ധതികളിൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ കുടിവെള്ള പദ്ധതി പുരോഗമിച്ചു വരുന്നു. കാസർഗോഡ് ജില്ലയിലെ കൊയ്യാടി മത്സ്യഗ്രാമത്തിലേയ്ക്കുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിലെ അടിമലത്തുറ, പൂവാർ-കരിങ്കുളം മത്സ്യഗ്രാമങ്ങളിലെയ്ക്കുള്ള കുടിവെള്ളപദ്ധതിയ്ക്കുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.<br>**തിരുവനന്തപുരം ജില്ല**<br>തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നിലവിലുള്ള പൈപ്പ് ലൈൻ നെറ്റ് വർക്കിനു പുറമേ പുതിയ ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി മത്സ്യ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി വലിയതുറ വലിയവേളി തുടങ്ങിയ പ്രദേശങ്ങളിൽ 321 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ചിലക്കൂർ |

| | | |
|---|---|---|
| | | മത്സ്യഗ്രാമത്തിലെ കുടിവെള്ള പദ്ധതിക്കായി 85 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>**<u>കോട്ടയം ജില്ല</u>**<br>ദേശീയ ഗ്രാമീണ ശുദ്ധജലവിതരണപദ്ധതിയിലുൾപ്പെടുത്തി കോട്ടയം ജില്ലയിൽ മറവൻതുരുത്ത് പഞ്ചായത്തിലെ കുലശേഖരമംഗലം വില്ലേജിനു വേണ്ടിയുള്ള പദ്ധതികളുടെ വിതരണ ശ്യംഖലയുടെയും ഉന്നതതല സംഭരണികളുടെയും, അനുബന്ധ പൈപ്പ് ലൈനുകളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ച് ജലസംഭരണികളും കമ്മീഷൻ ചെയ്ത് ജലവിതരണം കൂടുതൽ കാര്യക്ഷമമായി നടത്തി വരുന്നു. അതോടൊപ്പം പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നിലവിലുള്ള വിതരണശൃംഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലേക്കുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തികളും പൂർത്തീകരിച്ച് ജലവിതരണം സുഗമമായി നടത്തി വരുന്നു.<br>തലയാഴം വില്ലേജിനു വേണ്ടിയുള്ള പദ്ധതിയുടെ ജലവിതരണ ശൃംഖലയുടെയും, ഉന്നതതല സംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം കാര്യക്ഷമമായി നടത്തി വരുന്നു.<br>വെച്ചൂർ വില്ലേജിനു വേണ്ടിയുള്ള പദ്ധതിയുടെ ജലവിതരണ ശൃംഖല ഉന്നതതല സംഭരണി, ജലശുദ്ധീകരണശാലയിൽ പമ്പ് ഹൗസ്, ചുറ്റുമതിൽ, ലീഡിംഗ് ചാനൽ, സംരക്ഷണ മതിൽ എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചും പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നിലവിലുള്ള വിതരണ ശൃഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിച്ചും ജലവിതരണം സുഗമമായി നടത്തി വരുന്നു. കൂടാതെ ജലശുദ്ധീകരണ ശാലയിൽ 180 കുതിരശക്തിയുള്ള 3 പമ്പ് സെറ്റുകളുടെ പണികൾ പൂർത്തീകരിച്ച് പമ്പിംഗ് നടത്തി വരുന്നു. |

| | | |
|---|---|---|
| | | ചെമ്പ് പഞ്ചായത്തിനു വേണ്ടി ബ്രഹ്മമംഗലം, ചെമ്പ്, കാട്ടികുന്ന് എന്നീ മേഖലകളിലേക്കുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തികളും പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നിലവിലുള്ള വിതരണ ശൃംഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന ജോലികളും പൂർത്തിയാക്കി ജലവിതരണം കാര്യക്ഷമമായി നടത്തി വരുന്നു.<br><br>ടി.വി.പുരം പഞ്ചായത്തിലെ ജലസംഭരണിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉദയനാപുരം പഞ്ചായത്തിനായുള്ള പദ്ധതിയുടെ ജലവിതരണ ശൃഖലയുടെയും, ഉന്നതതല സംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം സുഗമമായി നടത്തി വരുന്നു. കൂടാതെ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നിലവിലുള്ള വിതരണ ശൃംഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലേക്കുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.<br><br><u>**എറണാകുളം ജില്ല**</u><br>സസ്റ്റൈനബിൾ ഫിഷറീസ് വില്ലേജ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ചെല്ലാനത്തെ വിതരണ ശൃഖല ശക്തിപ്പെടുത്തുവാനുള്ള 650 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചു.<br><u>**മലപ്പുറം ജില്ല**</u><br>മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടി കെ.എസ്.സി.എ.ഡി.സി മുഖേന പരപ്പനങ്ങാടി വില്ലേജിനു വേണ്ടി 100.00 ലക്ഷം രൂപയുടെയും ആലുങ്ങൽ ഏരിയ കുടിവെള്ള പദ്ധതിക്കു വേണ്ടി 36.72 ലക്ഷം രൂപയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചു. അരിയല്ലൂർ മത്സ്യബന്ധന ഗ്രാമത്തിലേക്ക് പൈപ്പ് ലൈൻനീട്ടുന്നതിന് 69.55 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. |

| | | |
|---|---|---|
| | | **കോഴിക്കോട് ജില്ല**<br>എലത്തൂർ പഞ്ചായത്തിൽപെട്ടിരുന്ന നിലവിലെ കോർപ്പറേഷൻ വാർഡുകളായ 1, 2, 75 എന്നീ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 163 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു.<br><br>**കണ്ണൂർ ജില്ല**<br>1. കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽപ്പെട്ട ചാലിൽ ഗോപാൽ പേട്ട പ്രദേശത്തെ മത്സ്യഗ്രാമം പദ്ധതിയിൽ (KSCADC) ഉൾപ്പെടുത്തി നടപ്പിലാക്കിയ 130.75 ലക്ഷം രൂപയുടെ പദ്ധതി 112.08 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. ബാക്കി തുക 18.67 ലക്ഷം രൂപ തിരിച്ചടച്ചിട്ടുണ്ട്.<br><br>2. കെ.എസ്.സി.എ.ഡി.സി-യിൽ ഉൾപ്പെടുത്തി അഴീക്കോട് പഞ്ചായത്തിലെ അഴീക്കോട് മത്സ്യഗ്രാമം വില്ലേജിലേക്ക് ശുദ്ധജലവിതരണം ഏർപ്പെടുത്തുന്നതിനായുള്ള 225 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. അഴീക്കോട് മത്സ്യഗ്രാമത്തിൽ പഞ്ചായത്ത് നിർദ്ദേശാനുസരണം കൂടുതൽ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് അനുമതി ലഭിച്ചാലുടൻ പ്രവൃത്തി നടപ്പിലാക്കുന്നതാണ്.<br><br>3. എടക്കാട് മത്സ്യഗ്രാമം കുടിവെള്ള പദ്ധതിയുടെ 122 ലക്ഷം രൂപയുടെ പ്രവൃത്തിക്കുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. പ്രവൃത്തിക്കായുള്ള വർക്ക് ഓർഡർ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| | | **<u>കാസർഗോഡ് ജില്ല</u>**<br>കാസർഗോഡ് ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ കുടിവെള്ള പദ്ധതികളുമായിബന്ധപ്പെട്ട പദ്ധതികളുടെ വിവരങ്ങൾ താഴെ പറയുന്നു.<br>1. മഞ്ചേശ്വരം പഞ്ചായത്തിലെ 142.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ബങ്കര മഞ്ചേശ്വരം തീരദേശ കുടിവെള്ള പദ്ധിയിലുൾപ്പെട്ട നാല് പ്രവൃത്തികളിൽ പൊയ്യക്കം കുടിവെള്ള പദ്ധതി, പാലേപ്പാടി-ശാന്തിനഗർ-മജൽ കുടിവെള്ള പദ്ധതി, കടിയാർ ഫിഷർമാൻ കോളനി കുടിവെള്ള പദ്ധതി എന്നിവ പൂർത്തിയായിട്ടുണ്ട്. നാലാമത്തെ പദ്ധതിയായ കണ്വതീർത്ഥ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. രണ്ട് മാസത്തിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതാണ്.<br>2. കുമ്പള പഞ്ചായത്തിലെ 162.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഷിറിയ തീരദേശ കുടിവെള്ള പദ്ധതിയിൽപ്പെട്ട മൂന്ന് പ്രവൃത്തികളിൽ ബേരിക്ക കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുണ്ട്. രണ്ടാമത്തെ പദ്ധതിയായ ശിവാജി നഗർ ഫിഷർമാൻ കോളനി പദ്ധതിയുടെ 70% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്.<br>3. ഉദുമ പഞ്ചായത്തിലെ 130.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടിക്കളം തീരദേശ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br>4. വലിയ പറമ്പ് പഞ്ചായത്തിലെ 108.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച വലിയ പറമ്പ് തീരദേശ കുടിവെള്ള പദ്ധതിയിൽ നാല് പദ്ധതികളാണ് ഉള്ളത്. അതിൽ ബിച്ചേരി കടപ്പുറം, ഒരിയേരി കടപ്പുറം, തൃക്കരിപ്പൂർ കടപ്പുറം കുടിവെള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ട്.<br>**(22-10-2020 -ലെ സമിതി യോഗത്തിൽ അംഗീകരിക്കുകയും തുടർ നിർദ്ദേശം നൽകുകയും ചെയ്തു.)** |

| | | |
|---|---|---|
| | **22-10-2020-ലെ സമിതി യോഗനിർദ്ദേശം**<br>ജലസേചന വകുപ്പിന്റെ മുടങ്ങിപ്പോയ പദ്ധതികൾ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ജലവിഭവ വകുപ്പിന് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു. | **ജലവിഭവ (ജലവിതരണ-സി) വകുപ്പ്**<br>**( 07-10-2025 ലെ ജവി-സി1/121/2024-ജവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>**സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലുള്ള നടപടി റിപ്പോർട്ട്**<br>**ദക്ഷിണ മേഖല**<br>**1. തിരുവനന്തപുരം**<br>തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി നിലവിലുള്ള പൈപ്പ് ലൈൻ നെറ്റ്‌വർക്കിനു പുറമെ പുതിയ ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി മത്സ്യ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ചെയ്ത വലിയതുറ പദ്ധതി പൂർത്തീകരിച്ചു.<br>ചിറയിൻകീഴ് നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തീരദേശ പഞ്ചായത്തുകൾക്കായി KIIFB ഫണ്ട് ഉപയോഗിച്ചുള്ള 15 MLD പ്ലാന്റ് ഭാഗികമായി പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. കൂടാതെ വിതരണ ശൃംഖല ബന്ധിപ്പിക്കുന്നതിന്റെ അവസാനഘട്ട പ്രവൃത്തി നടന്നുവരികയാണ്. ടി പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ ചിറയിൻകീഴ് അഞ്ചുതെങ്ങ് തീരദേശ പഞ്ചായത്തുകളിലെ ജലവിതരണം മെച്ചപ്പെട്ടതാകും.<br>ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വർക്കലയ്ക്കും സമീപ വില്ലേജുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ പുരോഗതിയിലാണ്. ഈ സ്ക്രീം കമ്മീഷൻ ചെയ്യുന്നതോടുകൂടി ഇടവ, വെട്ടൂർ, വർക്കല മുനിസിപ്പാലിറ്റി മേഖലകളിൽ ജലവിതരണം സുഗമമായി നടത്താൻ സാധിക്കും. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചുതെങ്ങ്, ചിറയിൻകീഴ്, വർക്കല, വെട്ടൂർ എന്നീ മത്സ്യത്തൊഴിലാളി വില്ലേജുകളിൽ പുതിയ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അർബൻ അഗ്ലോമറേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നുണ്ട്. ചിലക്കൂർ മത്സ്യഗ്രാമത്തിലെ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു. |

| | | |
|---|---|---|
| | | തീരദേശ പ്രദേശമായ ശംഖുമുഖം, വെട്ടുകാട്, പൗണ്ടുകടവ്, പള്ളിത്തുറ വാർഡുകളിലും അമൃത് 2.0 പദ്ധതി പ്രകാരം സൗജന്യ കുടിവെള്ള കണക്ഷനുകൾ നൽകിവരുന്നു. ടി പദ്ധതിയുടെ ഒന്നാം ഘട്ടം പ്രകാരം പ്രസ്തുത വാർഡുകളിൽ ഏകദേശം 1200 ഉപഭോക്താക്കൾക്ക് കടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. തുടർന്നും രണ്ടാം ഘട്ടത്തിൽ ഏതാണ്ട് 500-ൽ പരം കണക്ഷനുകൾ നൽകേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മാധവപുരം മുതൽ വലിയവേളി - സൗത്ത് തുമ്പ വരെയുള്ള പഴക്കം ചെന്ന പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുവാൻ PWD റോഡ് മുറിക്കുവാനുള്ള അനുമതി ലഭ്യമായിട്ടില്ല. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയും പൂർത്തീകരിക്കുന്നതാണ്.<br><br>കരുങ്കുളം പഞ്ചായത്തിലെ കല്ലുമുക്ക്, കരുങ്കുളം, കൊച്ചുതുറ, ആഴാങ്കൽ. പുതിയതുറ, ചെക്കിട്ടവിളാകം, ഉദിയരിക്കുന്ന്, പള്ളം, ഇരയിമ്മൻതുറ, പുല്ലുവിള, ചെമ്പകരാമൻതുറ, കൊച്ചുപള്ളി തുടങ്ങിയ 12 വാർഡുകളിൽ കരിച്ചൽ പമ്പ് ഹൗസിൽ നിന്നും എല്ലാ ദിവസവും രാവിലെ 6 മുതൽ രാത്രി 10 മണി വരെ മൈക്രോഫിൽറ്റർ സംവിധാനത്തിലൂടെ ആയിരുന്നു ജലവിതരണം നൽകിയിരുന്നത്. എന്നാൽ കാലപ്പഴക്കം കാരണം ടി മൈക്രോഫിൽറ്റർ പ്രവർത്തനക്ഷമമല്ലാത്തതിനാൽ കരിച്ചൽ പമ്പ് ഹൗസിൽ നിന്നും infiltration gallery വഴി ജലം ശുദ്ധീകരിച്ചാണ് ജല വിതരണം ചെയ്തിരുന്നത്. മൈക്രോഫിൽറ്ററിന്റെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം 14 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്റെ പണി പൂർത്തീകരിച്ച് ഈ പ്രദേശങ്ങളിൽ നിലവിൽ മൈക്രോഫിൽറ്റർ സംവിധാനത്തിലൂടെ ജലവിതരണം നടത്തി വരുന്നു. ബാക്കിയുള്ള 6 വാർഡുകളിൽ കുമിളി ജലശുദ്ധീകരണശാലയിൽ നിന്നുള്ള ജലം പരണിയം ടാങ്ക് വഴി |

| | | |
|---|---|---|
| | | വിതരണം ചെയ്യുന്നു. 12 MLD ശേഷിയുള്ള കുമിളി ജലശുദ്ധീകരണശാലയിൽ നിന്നും തീരപ്രദേശമുൾപ്പെടെ കരുങ്കുളം, പൂവാർ, തിരുപുറം കാഞ്ഞിരംകുളം എന്നീ പഞ്ചായത്തുകൾക്ക് വിതരണം ചെയ്തു വരുന്നു.<br><br>ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ കരുങ്കുളം പഞ്ചായത്തിൽ 200 കണക്ഷനുകൾ നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 4679 പുതിയ കണക്ഷൻ നല്കുന്നതിലേക്കുള്ള പ്രവൃത്തികൾ പ്രസ്തുത പഞ്ചായത്തിൽ നടന്നുവരുന്നു. 3575 കണക്ഷനുകൾ നൽകിക്കഴിഞ്ഞു. കുമിളി ജലശുദ്ധീകരണശാലയിൽ പ്രദേശത്തേക്കുള്ള ജലലഭ്യത ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br><br>കിഫ്ബി പദ്ധതി പ്രകാരം അതിയന്നൂർ കോട്ടുകാൽ സമഗ്ര കുടിവെള്ള പദ്ധതിയും ചെങ്കൽ കാരോട്, കുളത്തൂർ സമഗ്ര കുടിവെള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ കോട്ടുകാൽ, കുളത്തൂർ പഞ്ചായത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളി മേഖലയിൽ ജലവിതരണം കാര്യക്ഷമമാകുന്നതാണ്.<br><br>വിഴിഞ്ഞം മേഖലയിലെ കുടിവെള്ള വിതരണ പദ്ധതിയുടെ വിപുലീകരണത്തിനായി സ്റ്റേറ്റ് പ്ലാൻ 2023-24 ഉൾപ്പെടുത്തി 400 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഇതിൽ 100 കണക്ഷനുകൾ നൽകിക്കഴിഞ്ഞു. ഇത് കൂടാതെ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി വിഴിഞ്ഞം കോർപ്പറേഷൻ വാർഡിൽ 900, ഹാർബർ വാർഡിൽ 300, വെങ്ങാനൂർ വാർഡിൽ 2500, മുല്ലൂർ വാർഡിൽ 400 എന്ന രീതിയിൽ ഹൗസ് കണക്ഷൻ പ്രവൃത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണ്. |

| | | |
|---|---|---|
| | | **2. കൊല്ലം**<br>മയ്യനാട് ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും പരവൂർ മുനിസിപ്പാലിറ്റിയിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയും കുടിവെള്ള കണക്ഷൻ നൽകിവരുന്നു. കുന്നിമേൽച്ചേരി ഡിവിഷൻ-55 പ്രദേശത്തു 24x7 പദ്ധതിയിൽ (24 മണിക്കൂറും വെള്ളം ലഭ്യമാകുന്ന പദ്ധതി) ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടി 12.90 കോടി രൂപയുടെ പ്രൊപ്പോസൽ AMRUT-2 ൽ അംഗീ.കാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2625 കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമാകുന്ന ഈ പദ്ധതി ശക്തികുളങ്ങര ഭാഗത്തെ തീരദേശ മേഖല ഉൾപ്പെടുന്ന ഭാഗമാണ്. നീണ്ടകര പഞ്ചായത്തിൽ കൊല്ലം ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ജലവിതരണം നടത്തിവരുന്നു.<br>അമൃത്-ഞാങ്കടവ് പദ്ധതി പൂർത്തിയാകുന്നതോടെ കൊല്ലം കോർപ്പറേഷനിൽ ലഭ്യമാകുന്ന ജലത്തിന്റെ ഒരു ഭാഗം കൂടി നീണ്ടകര പഞ്ചായത്തിൽ ലഭിക്കുന്നതാണ്. ആലപ്പാട് പഞ്ചായത്തിന്റെ ഉന്നതതല ജലസംഭരണി ടിവി പുരം പഞ്ചായത്തിലെ ചേരിക്കൽ പ്രദേശത്ത് പണികഴിപ്പിച്ച പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂടാതെ റീ ബിൽഡ് കേരള ഇനിഷിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിയും കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തിക്കും കൂടി 1030 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തി പൂർത്തീകരിക്കുകയും ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 513.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ബാക്കിയുള്ള പൈപ്പ് ലൈനുകളും ശേഷിക്കുന്ന കണക്ഷനുകളും നൽകി ടിവി പുരം പഞ്ചായത്തിനെ ഹർ ഘർ ജൽ ആയി പ്രഖ്യാപിച്ചു.<br>കോട്ടയം ജില്ലയിലെ ഉദയനാപുരം പഞ്ചായത്തിൽ തുറുവേലിക്കുന്നിലെ 4 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടെയും ജലവിതരണ ശൃംഖലയുടെയും |

| | | |
|---|---|---|
| | | പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം കാര്യക്ഷമമായി നടത്തി വരുന്നു. കൂടാതെ, ഉദയനാപുരം പഞ്ചായത്തിൽ വിവിധ വാർഡുകളിൽ വിതരണ ശൃംഖല ഉൾപ്പെടാത്ത പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്ക് വേണ്ടി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1011.78 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ബാക്കിയുള്ള പൈപ്പ് ലൈനുകളും ശേഷിക്കുന്ന കണക്ഷനുകളും നൽകി ഉദയനാപുരം പഞ്ചായത്തിനെഹർ ഘർ ജൽ ആയി പ്രഖ്യാപിച്ചു.<br>**<u>മദ്ധ്യമേഖല</u>**<br>**<u>1. ആലപ്പുഴ</u>**<br>ആലപ്പുഴ സബ് ഡിവിഷന് കീഴിൽ ആലപ്പുഴ മുനിസിപ്പാലിറ്റി മാരാരിക്കുളം തെക്ക് പഞ്ചായത്ത്, ആര്യാട് പഞ്ചായത്ത്, മണ്ണഞ്ചേരി പഞ്ചായത്ത് എന്നിവിടങ്ങളിലെ മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതി നിലവിലുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള പ്രവൃത്തികൾ കിഫ്ബി പ്രോജക്ട് ഡിവിഷനുകൾ മുഖേന നടപ്പാക്കിവരുന്നു. ആലപ്പുഴ പി.എച്ച് സെക്ഷൻ കാര്യാലയത്തിന്റെ പരിധിയിലുള്ള പുറക്കാട് ഗ്രാമപഞ്ചായത്തിലും അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലും മത്സ്യ ത്തൊഴിലാളി മേഖലയിൽ നിലവിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഈ പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 15 ലക്ഷം ലിറ്റർ കപ്പാസിറ്റിയിൽ 12 ലക്ഷം ലിറ്റർ കപ്പാസിറ്റിയുമുള്ള ജലസംഭരണികളും അനുബന്ധ പൈപ്പ്ലൈൻ സ്ഥാപിക്കൽ പ്രവൃത്തികളും പ്രോജക്ട് ഡിവിഷൻ, ആലപ്പുഴ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>പി.എച്ച്. സബ് ഡിവിഷൻ ചേർത്തലയുടെ കീഴിൽ മത്സ്യത്തൊഴിലാളി മേഖലയിൽ ജൽ ജീവൻ മുഖേന കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. വരൾച്ച രൂക്ഷമാകുന്ന സമയത്ത് കുടിവെള്ളം ലഭിക്കാത്തിടത്ത് വെള്ളം എത്തിക്കുന്നതിനായി |

| | | |
|---|---|---|
| | | വാൽവുകൾ നിയന്ത്രിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തുറവൂർ, കത്തിയതോട് പട്ടണക്കാട് പഞ്ചായത്തുകളിലെ മത്സ്യത്തൊഴിലാളി മേഖലയിൽ പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം നടത്തുന്നതിനാവശ്യമായ കുടിവെള്ളം തൈക്കാട്ടുശ്ശേരി ഹെഡ് വർക്സ് സബ് ഡിവിഷന്റെ കീഴിലുള്ള ജലശുദ്ധീകരണശാലയിൽ നിന്നും നൽകുന്നുണ്ട്.<br><br>ഇന്റർഗ്രേറ്റഡ് കോസ്റ്റൽ ഏരിയ പ്രോജക്ടിൽ ഉൾപ്പെടുത്തി കായംകുളം സെക്ഷൻ ഓഫീസിന്റെ പരിധിയിൽ ആറാട്ടുപുഴ പഞ്ചായത്തിലെ ജലവിതരണത്തിന്റെ ഭാഗമായി പെരുമ്പള്ളി വടക്കൻപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അമൃതാന്ദമയി മഠത്തിന്റെ ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച പൈപ്പ് ലൈനിലൂടെ നിലവിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള അമൃത് പദ്ധതി നടപ്പാകുന്നതോടെ ഓച്ചിറ കുടിവെള്ള പദ്ധതിയിൽ നിന്നും ആലപ്പാടിന് കൂടുതൽ ജലം ലഭ്യമാകുന്നതാണ്.<br>**<u>2. കോട്ടയം</u>**<br>കോട്ടയം ജില്ലയിലെ മറവൻതുരുത്ത് പഞ്ചായത്തിൽ ടോൾ ജംഗ്ഷനിലെ 4 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും മറവന്തുരുത്തിലെ 2 ലക്ഷം ലീറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും പഞ്ചായത്തിലെ പ്രദേശങ്ങളിലും പൈപ്പ് ലൈൻ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമായി നടത്തിവരുന്നു. കൂടാതെ മറവന്തുരുത്ത് പഞ്ചായത്തിൽ വിവിധ വാർഡുകളിൽ വിതരണ ശൃംഖല ഉൾപ്പെടാത്ത പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്കുവേണ്ടി JJM പദ്ധതിയിൽ ഉൾപ്പെടുത്തി 573.72 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ബാക്കിയുള്ള പൈപ്പ് ലൈനുകളും ശേഷിക്കുന്ന കണക്ഷനുകളും നൽകുന്ന പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്ന് വരുന്നു. |

| | | |
|---|---|---|
| | | കോട്ടയം ജില്ലയിലെ തലയാഴം പഞ്ചായത്തിൽ 6 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിയുടെയും ജലവിതരണ ശൃംഖലയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം കാര്യക്ഷമമായി നടത്തിവരുന്നു. കൂടാതെ തലയാഴം പഞ്ചായത്തിൽ വിവിധ വാർഡുകളിൽ വിതരണ ശൃംഖല ഉൾപ്പെടാത്ത പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്ക് വേണ്ടി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 350.95 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ബാക്കിയുള്ള പൈപ്പ് ലൈനുകളും ശേഷിക്കുന്ന കണക്ഷനുകളും നൽകി തലയാഴം പഞ്ചായത്തിനെ ഹർ ഘർ ജൽ ആയി പ്രഖ്യാപിച്ചു.<br>കോട്ടയം ജില്ലയിൽ വെച്ചൂർ പഞ്ചായത്തിൽ വേരുവള്ളിയിൽ 4.9 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടെയും ജലവിതരണ ശൃംഖലയുടെയും പ്രവൃത്തികൾ ജലവിതരണം കാര്യക്ഷമമായി നടത്തി വരുന്നു. കൂടാതെ വെച്ചൂർ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ വിതരണശൃംഖല ഉൾപ്പെടാത്ത പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്ക് വേണ്ടി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 416.80 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ബാക്കിയുള്ള പൈപ്പ് ലൈനുകളും ശേഷിക്കുന്ന കണക്ഷനുകളും നൽകി വെച്ചൂർ പഞ്ചായത്തിനെ ഹർ ഘർ ജൽ ആയി പ്രഖ്യാപിച്ചു.<br>കോട്ടയം ജില്ലയിലെ ചെമ്പ് പഞ്ചായത്തിൽ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം കാര്യക്ഷമമായി നടത്തിവരുന്നു. കൂടാതെ ചെമ്പ് പഞ്ചായത്തിൽ വിവിധ വാർഡുകളിൽ വിതരണശൃംഖല ഉൾപ്പെടാത്ത പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്കു വേണ്ടി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | |
|---|---|---|
| | | 712.97 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ബാക്കിയുള്ള പൈപ്പ് ലൈനുകളും ശേഷിക്കുന്ന കണക്ഷനുകളും നൽകി ചെമ്പ് പഞ്ചായത്തിനെ ഹർ ഘർ ജൽ ആയി പ്രഖ്യാപിച്ചു.<br>കോട്ടയം ജില്ലയിലെ ടിവി പുരം പഞ്ചായത്തിൽ 4 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ബൂസ്റ്റർ പമ്പ് ഹൗസിൽ ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഏരിയ പ്രോജക്ടിൽ (ICADP) ഉൾപ്പെടുത്തി പമ്പ് ഹൗസ് നിർമ്മാണം പമ്പ് സെറ്റ് വിതരണവും സ്ഥാപിക്കലും പമ്പിംഗ് മെയിൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മല്ലിക്കാട്ടുകടവിലും പെരുമ്പള്ളിയിലും സ്ഥാപിച്ചിട്ടുള്ള ഭൂഗർഭജലസംഭരണികളിൽ നിന്നും 1.7 കുഴൽക്കിണർ പമ്പ് ഹൗസിൽ നിന്നുമുള്ള ജലവിതരണം ടി പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമായിട്ടുണ്ട്. കൂടാതെ ത്രിതല പഞ്ചായത്തുകൾ മുഖേന 4 കുഴൽക്കിണറുകളുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ കുടിവെള്ള കണക്ഷൻ ലഭിക്കാത്ത വീടുകളിലും ജൽജീവൻ പദ്ധതി മുഖേന കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഹരിപ്പാട് സമഗ്ര കുടിവെള്ള പദ്ധതിയിൽ ടി പഞ്ചായത്തിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രാവർത്തികമാകുന്ന മുറയ്ക്ക് 5 പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമാകുന്നതാണ്.<br><br>**<u>3. തൃശ്ശൂർ</u>**<br>ഈ സർക്കിളിലെ ഇരങ്ങാലക്കുട ഡിവിഷന് കീഴിൽ, തീരദേശത്ത് വരുന്നത് 12 പഞ്ചായത്തുകളും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുമാണ്. അതിൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി എറിയാട്, എടവിലങ്ങ് പഞ്ചായത്തുകളിൽ എറിയാട്, എടവിലങ്ങ് സമഗ്ര ശുദ്ധജലവിതരണ പദ്ധതി കമ്മിഷൻ ചെയ്ത് ജലവിതരണം നടത്തി വരുന്നു. |

| | | |
|---|---|---|
| | | മതിലകം, ശ്രീനാരായണപുരം, പെരിഞ്ഞനം, കൈപ്പമംഗലം, എടത്തിരുത്തി, വലപ്പാട്, നാട്ടിക, തളിക്കുളം, വാടാനപ്പിള്ളി, എങ്ങണ്ടിയൂർ എന്നീ 10 പഞ്ചായത്തുകളിൽ നാട്ടിക ഫിർക്ക സമഗ്ര കുടിവെള്ള വിതരണ പദ്ധതിയിൽ നിന്നുമാണ് ജലവിതരണം നടത്തുന്നത്. വർദ്ധിച്ചുവരുന്ന ശുദ്ധജല ഉപയോഗം കണക്കിലാക്കി KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ജലശുദ്ധീകരണശാലയുടെ (26 MLD) നിർമ്മാണവും നിലവിലെ ഗ്രാവിറ്റി മെയിൻ പൈപ്പുകൾ പുനഃസ്ഥാപിക്കുന്ന പ്രവൃത്തിയുടെയും ദർഘാസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പുതിയ ജല ശുദ്ധീകരണശാലയുടെ നിർമ്മാണവും പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയും പ്രൊജക്റ്റ് ഡിവിഷൻ നാട്ടികയാണ് നടപ്പിലാക്കുന്നത്. 10 പഞ്ചായത്തുകളിലായി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 23015 കുടിവെള്ളകണക്ഷനുകൾ (12817 FHTC & 10196 HTC) ഇതുവരെ നൽകിയിട്ടുണ്ട്. കൂടാതെ 589.47 കിലോമീറ്റർ വിവിധ ഇനത്തിലുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. KIIFB ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി NH66 ൽ സ്ഥാപിക്കേണ്ട പൈപ്പ് ലൈനുകൾ NH 66 നിർമ്മാണ പ്രവൃത്തിയോടനുബന്ധിച്ച് NHAI യുടെ കരാറുകാരാണ് സ്ഥാപിച്ചു വരുന്നത്. KIIFB പദ്ധതിയിൽ ഉൾപ്പെട്ട 26 MLD ജലശുദ്ധീകരണശാലയുടെ നിർമ്മാണവും പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ പൈപ്പുകൾ പുനഃസ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തീകരിക്കുന്നതോടു കൂടി നാട്ടിക ഫിർക്ക ശുദ്ധജല വിതരണ പദ്ധതിയുടെ കീഴിൽ വരുന്ന 10 പഞ്ചായത്തുകളിലേയും തീരദേശവാസികൾക്ക് കുടിവെള്ളവിതരണം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കും.<br><br>**4. എറണാകുളം**<br>നോർത്ത് പറവൂർ സബ്ഡിവിഷന്റെ പരിധിയിൽ വരുന്ന വടക്കേക്കര സെക്ഷന് കീഴിലുള്ള സുനാമിബാധിത പ്രദേശങ്ങളിലൊന്നായ വടക്കേക്കര പഞ്ചായത്തിലേയ്ക്ക് 196.32 |

| | | |
|---|---|---|
| | | ലക്ഷം രൂപ ചിലവിൽ പുതിയ പമ്പ് ഹൗസ്, പമ്പ് സെറ്റുകൾ, അനുബന്ധ പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.<br>Flood relief work - 2018-ൽ ഉൾപ്പെടുത്തി 31 ലക്ഷം രൂപ ചെലവിൽ വടക്കേക്കര ചീറ്റാറ്റുകര പഞ്ചായത്തിലേക്കുള്ള പ്രധാന കുടിവെള്ള വിതരണ പൈപ്പുകളായ വടക്കേക്കര പഴയ മരപ്പാലത്തിനു മുകളിലുള്ള 250mm MS, 350mm MS പൈപ്പുകൾ മാറ്റി 450mm OD, 280mm OD HDPE പൈപ്പുകൾ പുഴയുടെ അടിത്തട്ടിൽ സ്ഥാപിച്ച് അവിടേക്കുള്ള കുടിവെള്ളവിതരണം കാര്യക്ഷമമായി നടത്തുന്നുണ്ട്. കൂടാതെ Urban Agglomeration പ്രവൃത്തിയിൽ ഉൾപ്പെടുത്തി 248 ലക്ഷം രൂപ ചെലവിൽ വടക്കേക്കര, ചിറ്റാറ്റുകര പഞ്ചായത്തുകളിലേയ്ക്കുള്ള ജലവിതരണം മെച്ചപ്പെടുത്തുന്നതിനായി മുൻസിപ്പൽ ജംഗ്ഷൻ മുതൽ മുനമ്പം കവല വരെ 400 mm premo പൈപ്പ് മാറ്റി 400mm DI പൈപ്പ് സ്ഥാപിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്തുന്നുണ്ട്.<br>ഇന്റർഗ്രേറ്റഡ് കോസ്റ്റൽ ഏരിയ പ്രോജക്ടിൽ ഉൾപ്പെടുത്തി വടക്കേക്കര പഞ്ചായത്തിലെ ഫിഷിംഗ് വില്ലേജിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി 160mm PVC ഫീഡർ പൈപ്പ് 1.3 കിലോമീറ്ററും 63mm PVC വിതരണ ശൃംഖല 16 കിലോമീറ്ററും സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത വിതരണശൃംഖല ഉപയോഗപ്പെടുത്തിയാണ് ഈ പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളവിതരണം സാധ്യമാക്കുന്നത്.<br>എറണാകുളം നഗരത്തിൽ ഉൾപ്പെട്ട തീരപ്രദേശമായ ചെല്ലാനം പഞ്ചായത്തിൽ ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി മൂവാറ്റുപ്പുഴ ആറിൽ നിന്നും വെള്ളം കൊണ്ടുവന്ന് 45 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയിൽ ശേഖരിച്ച് ശുദ്ധജലം വിതരണം ചെയ്തുകൊണ്ട് ശുദ്ധജലക്ഷാമം പരിധിവരെ പരിഹരിച്ചിട്ടുണ്ട്. കൂടാതെ sustainable Fisheries Village programme ൽ ഉൾപ്പെടുത്തി കണ്ടക്കടവ് ഉന്നതതല ജലസംഭരണി മുതൽ |

| | | |
|---|---|---|
| | | കണ്ണമാലി ജലസംഭരണി വരെ 450mm DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ചെല്ലാനം തെക്ക ഭാഗത്തുള്ള വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തൽ പൂർത്തീകരിച്ചു. കട്ടിക്കാട്ട് പാലം മുതൽ കുതിരക്കൂർക്കരി വരെ 200mm HDPE പൈപ്പ് ഇടുന്ന പ്രവൃത്തിയും പൂർത്തീകരിച്ചു. പാണ്ടിക്കടി-ചെല്ലാനം റോഡിൽ പഴയ 350mm AC പൈപ്പ് മാറ്റി പുതിയ പൈപ്പ് സ്ഥാപിക്കുന്നതിനായി KSCADC യിലും സ്റ്റേറ്റ് പ്ലാനിലും അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും അനുമതി ലഭ്യമാകാത്തതിനാൽ വീണ്ടും പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി 350mm Di 160mm PVC പൈപ്പും കണ്ടക്കടവ് മുതൽ ചെല്ലാനം വില്ലേജ് ഓഫീസ് വരെ സ്ഥാപിക്കുന്നതിനായി 1880 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ചെല്ലാനം പാണ്ടിക്കടി റോഡിൽ കണ്ടക്കടവ് മുതൽ കണ്ണമാലി വരെ 200mm DI പൈപ്പും 160mm PVC പൈപ്പും കണ്ണമാലി മുതൽ മാനാശ്ശേരി വരെ 160 mm PVC പൈപ്പ് സ്ഥാപിക്കുന്നതിനായി 1680 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കി JICA പദ്ധതിയിൽപ്പെടുത്തി പരിഗണിക്കുന്നതിനായി 18.01.2024 ൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കാവുന്നതാണ്.<br>എടവനക്കാട് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ കേടായ പൈപ്പുകൾ 33.23 ലക്ഷം രൂപ ചിലവാക്കി പുതിയവ സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തിയിട്ടുണ്ട്. എടവനക്കാട് പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് പ്രവൃത്തിയിലൂടെ 27.52 ലക്ഷം രൂപ ചെലവിൽ ടി പഞ്ചായത്തിലെ സുനാമി ബാധിത പ്രദേശങ്ങളിൽ 423 കുടിവെള്ള കണക്ഷൻ നൽകുകയുണ്ടായി.<br>ജിഡ ഫിഷറീസ് എന്നീ ഡിപ്പാർട്ട്മെന്റുകളുടെ ധനസഹായത്തോടെ 1 2 കി.മീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ച് എടവനക്കാട് പഞ്ചായത്തിലെ അണിയിൽ എന്ന സ്ഥലത്തു 11.15 മീറ്റർ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിച്ച് എടവനക്കാട്, കഴപ്പിള്ളി പഞ്ചായത്തു കളിലേക്കുള്ള കുടിവെള്ളവിതരണം മെച്ചപ്പെടുത്തുകയും മത്സ്യഗ്രാമം (ICAD) പദ്ധതി |

| | | |
|---|---|---|
| | | പ്രകാരം എടവനക്കാട്, പള്ളിപ്പുറം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെട്ടുത്തുകയും ചെയ്തിട്ടുണ്ട്. എടവനക്കാട് അണിയിൽ നിർമ്മിച്ച 11.15 ലക്ഷം ലിറ്റർ ഉന്നതതല ടാങ്കിൽ നിന്നും ഒന്നിടവിട്ട ദിവസങ്ങളിൽ വെള്ളം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ മറ്റു പ്രവൃത്തികളും പൂർത്തീകരിച്ച് എടവനക്കാട് കുഴപ്പള്ളി പള്ളിപ്പുറം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെട്ടുത്തിയിട്ടുണ്ട്.<br>വൈപ്പിനിൽ (പള്ളിപ്പുറം കുഴപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറക്കൽ, എളങ്കുന്നപ്പുഴ എന്നീ പഞ്ചായത്തുകൾക്കായി) JJM പ്രവൃത്തികൾ ക്കായി 1055 ലക്ഷം തുക AS ലഭിച്ചിട്ടുള്ളതും 4892 എണ്ണം കടിവെള്ള കണക്ഷനുകൾ നൽകിയിട്ടുള്ളതുമാണ്.<br>കടൽ ജലം ശുദ്ധീകരിച്ച് തീരദേശ മേഖലയിൽ വിതരണം ചെയ്യുന്നതിനായി പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പം പുലിമുട്ടിനടുത്ത് Mechanical Vapour Compression (MVC) Technology ഉപയോഗിച്ചുള്ള 10 MLD ശേഷിയുള്ള Desalination, Plant സ്ഥാപിക്കുന്നതിനുള്ള 215 കോടി രൂപയുടെ Engineering Report ചെന്നൈയിലുള്ള National Institute of Ocean Technology (NIOT) മുഖാന്തിരം തയ്യാറാക്കിയിട്ടുള്ളതും പ്രസ്തുത റിപ്പോർട്ടും അനുബന്ധ രേഖകളും കേരള വാട്ടർ അതോറിറ്റി മുഖാന്തിരം 11/01/2023-ന് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതിനാവശ്യമായ 60 സെന്റ് സ്ഥലത്തെ സംബന്ധിച്ച നടപടികൾ റവന്യൂ വകുപ്പിന് കീഴിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രവൃത്തി കൂടി ചെയ്താൽ മാത്രമേ തീരദേശ മേഖലയിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വതപരിഹാരം സാധ്യമാകൂ. ആലുവ, ചൊവ്വര എന്നീ ജലശുദ്ധീകരണശാലകളിൽ നിന്നോ പറവൂർ, വടുതല, പുതുവൈപ്പ് പമ്പ്ഹൗസിൽ നിന്നോ പമ്പിംഗ് തടസ്സപ്പെടുകയോ, പൈപ്പ്ലൈനിൽ അറ്റകുറ്റപണികൾ നടത്തുകയോ ചെയ്യുമ്പോഴാണ് ശുദ്ധജല വിതരണത്തിന് നിലവിൽ കുറവ് വരുന്നത്. |

| | | |
|---|---|---|
| | | ഉദയംപേരൂർ, കുമ്പളം പഞ്ചായത്തുകളിൽ മത്സ്യഗ്രാമം പദ്ധതി വഴി സ്ഥാപിച്ച പൈപ്പ്ലൈനുകൾക്ക് നിലവിൽ പ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ല. ഉദയംപേരൂർ, കുമ്പള പഞ്ചായത്തുകളിൽ JJM പ്രവൃത്തികൾക്കായി 9874 Lakh മേഖലകളിൽ വെള്ളം ലഭ്യമാകുന്നതാണ്.<br>**<u>5. കണ്ണൂർ</u>**<br>കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽപ്പെട്ട ചാലിൽ ഗോപാൽപേട്ട പ്രദേശത്തെ മത്സ്യഗ്രാമം പദ്ധതിയിൽ (KSCADC) ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തി 2016 മാർച്ച് മാസം പൂർത്തികരിച്ചു. ഗാർഹിക കണക്ഷനുകൾ/പൊതുടാപ്പുകൾ വഴി ഈ പ്രദേശത്ത് കുടിവെള്ള വിതരണം നടത്തിവരുന്നു. നിലവിലെ തലശ്ശേരി മുനിസിപ്പാലിറ്റി അമൃത് 2.0 (കെ & സി) സോണിൽ ഉൾപ്പെടുത്തി മേൽ പ്രദേശത്ത് കണക്ഷൻ നൽകി വരുന്നുണ്ട്.<br>അഴിക്കോട് പഞ്ചായത്തിലെ മത്സ്യഗ്രാമം വില്ലേജിലേക്ക് KSCADC ഉൾപ്പെടുത്തി ശുദ്ധജല വിതരണം ഏർപ്പെടുത്തുന്ന 225 ലക്ഷം രൂപയുടെ പ്രവൃത്തി 2016 മാർച്ച് മാസം പൂർത്തീകരിച്ചു. മുഴുവൻ ഗ്രാമീണ വീടുകളിലും കുടിവെള്ളം ലഭ്യമാക്കുന്ന ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പ്രദേശങ്ങളിൽ കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്.<br>എടക്കാട് മത്സ്യഗ്രാമം പദ്ധതിയുടെ 122 ലക്ഷം രൂപയുടെ പ്രവൃത്തി 13/03/2017-ൽ പൂർത്തിയായിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മുഴപ്പിലങ്ങാട് പഞ്ചായത്തിലെ തീരദേശങ്ങളിൽ മുഴുവൻ വീടുകളിലും കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി എടക്കാട് തീരദേശത്തെ കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും നിലവിൽ പൂർത്തിയായി വരുന്നുണ്ട്. |

| | | |
|---|---|---|
| | | **6. കാസർകോട്**<br>മഞ്ചേശ്വരം പഞ്ചായത്തിലെ 142.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച വേങ്കര മഞ്ചേശ്വരം തീരദേശ കുടിവെള്ള പദ്ധതിയിൽപ്പെട്ട നാല് പ്രവൃത്തികളിൽ (1) പൊയ്യക്കം കുടിവെള്ള പദ്ധതി (2) പലോപ്പാടി-ശാന്തിനഗർ- മജൽ കുടിവെള്ള പദ്ധതി (3) കുടിയാർ ഫിഷർമാൻ കോളനി കുടിവെള്ള പദ്ധതി എന്നിവ ആദ്യഘട്ടത്തിൽ പൂർത്തീകരിച്ചിരുന്നു. അവശേഷിച്ച കണ്വതീർത്ഥ കുടിവെള്ള പദ്ധതി 2017 ൽ പൂർത്തീകരിച്ചിട്ടുണ്ട്.<br>കുമ്പള പഞ്ചായത്തിലെ 162.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഷിറിയ തീരദേശ കുടിവെള്ള പദ്ധതിയിൽപ്പെട്ട മൂന്ന് പ്രവൃത്തികളിൽ ബേരിക്ക കുടിവെള്ള പദ്ധതിയും ശിവജി നഗർ ഫിഷർമെൻ കോളനി പദ്ധതിയും പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാമത്തെ പദ്ധതിയായ മാണിമുണ്ട ഫിഷർമെൻ കോളനി കുടിവെള്ള പദ്ധതി സ്ഥലം ലഭ്യമാക്കാത്തതിനെ തുടർന്ന് ഉപേക്ഷിക്കുകയാണ് ഉണ്ടായത്. പുതുമ പഞ്ചായത്തിലെ 130.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടിക്കുളം തീരദേശ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br>വലിയപറമ്പ് പഞ്ചായത്തിലെ 108.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച വലിയപറമ്പ് തീരദേശ കുടിവെള്ള പദ്ധതിയിൽ 4 പദ്ധതികൾ ആണ് ഉണ്ടായിരുന്നത്. അതിൽ ബിച്ചേരി കടപ്പുറം, ഒരിയരി കടപ്പുറം ,തൃക്കരിപ്പൂർ കടപ്പുറം എന്നീ കുടിവെള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. നാലാമത്തെ പദ്ധതിയായ ISM കടപ്പുറം കുടിവെള്ള പദ്ധതി സ്ഥലം ലഭ്യമാക്കാത്തതിനെ തുടർന്ന് ഉപേക്ഷിക്കുകയാണ് ഉണ്ടായത്.<br>**(15-12-2025 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 7 | ജനസാന്ദ്രത കൂടുതലുള്ള തീരപ്രദേശങ്ങളിൽ നിലവിലുള്ള ഹെൽത്ത് സെന്ററുകൾക്ക് പ്രത്യേക പരിഗണന നൽകി കൂടുതൽ മെച്ചപ്പെട്ട | **(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്)**<br>**(18-05-2015 ലെ 7287/സി2/14/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>ജനസാന്ദ്രത കൂടുതലുള്ള തീരപ്രദേശങ്ങളിൽ നിലവിലുള്ള 23 ആരോഗ്യ കേന്ദ്രങ്ങൾക്ക് |

| | | |
|---|---|---|
| | സൗകര്യങ്ങൾ ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക നമ്പർ – 19) | മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി 22.77 കോടി രൂപയുടെ പദ്ധതികൾ കെ.എസ്.സി.എ.ഡി.സി. മുഖേന നടപ്പിലാക്കുന്നു. **(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 8. | ആരോഗ്യ കേന്ദ്രങ്ങൾക്ക് അനുമതി ലഭിച്ച ചില സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണങ്ങൾ പൂർത്തിയായെങ്കിലും ആവശ്യമായ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഇല്ലാത്തതിനാൽ പ്രവർത്തന രഹിതമായി കിടക്കുന്നതായും ചിലയിടങ്ങളിൽ ഡോക്ടർമാർക്ക് ക്വാർട്ടേഴ്സ് സൗകര്യം വരെ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും തീരപ്രദേശങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്നതിന് പല ഡോക്ടർമാരും വിമുഖത പ്രകടിപ്പിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തീരപ്രദേശങ്ങളിലെ ഹെൽത്ത് സെന്ററുകൾ സുഗമമായി പ്രവർത്തിക്കുന്നതിനാവശ്യമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം അടിയന്തിരമായി ലഭ്യമാക്കി ആരോഗ്യകേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു. കൂടാതെ തീരപ്രദേശങ്ങളിലെ ആശുപത്രികളിൽ ഡോക്ടർമാർക്ക് നിർബന്ധിത സേവനം ഏർപ്പെടുത്തുകയോ | **<u>ആരോഗ്യകുടുംബക്ഷേമ (എ) വകുപ്പ്</u>**<br>( 26-08-2016 ലെ 23381/എ 3/2015/ആകുവ **നമ്പർ കത്ത് മുഖേന ലഭിച്ചത്** )<br>തീരദേശ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട് പ്രസ്തുത സ്ഥാപനങ്ങളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായും ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാറുള്ളതായും കൂടാതെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻഎച്ച് എം മുഖേനയും ഡോക്ടർമാരെ നിയമിച്ചിട്ടുള്ളതായും തീരദേശ മേഖലയിലെ ആശുപത്രികളെ കൂടുതൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്യുന്നു<br>**(23-11-2016 -**ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.**)**<br><br>**<u>ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്</u>**<br>**<u>( 19-12-2017 ലെ (19969/എം1/2014/ആകുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>തീരദേശ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്കും, മറ്റ് അനുബന്ധത്തൊഴിലാളികൾക്കും മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾക്കായി തസ്തികകൾ യഥാസമയം നികത്തുന്നതിനും കൂടാതെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.എച്ച്.എം. മുഖേനയും ഡോക്ടർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. തീരദേശ മേഖലയിലെ ആശുപത്രികളെ കൂടുതൽ പ്രവർത്തന സജ്ജമാക്കുന്നതിനായി താഴെപ്പറയുന്ന ആശുപത്രികളുടെ പദവി ഉയർത്തി നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | അവർക്ക് പ്രത്യേക ഇൻസെന്റീവ് നല്കുകയോ ചെയ്യണമെന്നും സമിതി നിർദേശിക്കുന്നു.<br>**(ഖണ്ഡിക നമ്പർ – 20)** | 1. തിരുവനന്തപുരം ജില്ലയിലെ 24*7 പി.എച്ച്.സി വലിയതുറയെ തീരദേശ സ്പെഷ്യാലിറ്റി ആശുപത്രിയായി പദവി ഉയർത്തി.<br>2. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഫിഷറീസ് ഡിസ്പെൻസറിയെ 24*7 പി.എച്ച്.സി യായും തുറവൂർ, ചെട്ടിക്കാട് എന്നീ സി.എച്ച്.സി. കളെ താലൂക്കാശുപത്രികളായും പദവി ഉയർത്തി.<br>3. കൊല്ലം ജില്ലയിലെ നീണ്ടകര സി.എച്ച്.സി യെ താലൂക്കാശുപത്രിയായി പദവി ഉയർത്തി.<br>4. എറണാകുളം ജില്ലയിലെ പള്ളുരുത്തി സി.എച്ച്.സിയെ താലൂക്കാശുപത്രിയായി ഉയർത്തി.<br>5. കണ്ണൂർ ജില്ലയിലെ സി.എച്ച്.സി പഴയങ്ങാടി താലൂക്കാശുപത്രിയായി ഉയർത്തി.<br>6. കാസർഗോഡ് ജില്ലയിലെ നീലേശ്വരം സി.എച്ച്.സി തൃക്കരിപ്പൂർ സി.എച്ച്.സി, മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി എന്നീ സ്ഥാപനങ്ങളെ താലൂക്കാശുപത്രികളാക്കി ഉയർത്തി.<br>മേൽപറഞ്ഞ പ്രകാരം പദവി ഉയർത്തിയതോടുകൂടി നിലവിൽ സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് 98 പി.എച്ച്.സി. കളും 29 സി.എച്ച്.സി. കളും 8 താലൂക്കാശുപത്രികളും നിലവിലുണ്ട്. കൂടാതെ തീരദേശത്തുള്ള 20 ആശുപത്രികളെ ഓരോ ബ്ലോക്കിലും തെരഞ്ഞെടുത്ത ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർദ്രം പദ്ധതി മുഖേന സമഗ്ര ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാൽ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ച് നിയമന നടപടികൾ സ്വീകരിച്ചു വരുന്നു.<br>നിലവിൽ ഡോക്ടർ തസ്തികയിൽ നിർബന്ധിത ഗ്രാമീണ സേവനവ്യവസ്ഥ നിലനിൽക്കുന്നില്ല. മാത്രവുമല്ല തീരദേശങ്ങളിൽ ജോലി നോക്കുന്നതിന് ഡോക്ടർമാർ |

| | | |
|---|---|---|
| | | വിമുഖത കാണിക്കുന്ന സാഹചര്യവുമില്ല. എന്നിരുന്നാലും തീരദേശങ്ങളിൽ സേവനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>**(11-04-2018 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 9. | തിരദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കായി 'എല്ലാവർക്കും സാനിട്ടേഷൻ' എന്നൊരു പ്രോജക്ട് തയ്യാറാക്കി നടപ്പിൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 21)** | **<u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u>**<br>**<u>(18-05-2015 ലെ 7287/സി2/14/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br>സ്വന്തമായി ഭവനം ഉള്ളതും എന്നാൽ ഉപയോഗ്യയോഗ്യമായ ടോയ്‌ലറ്റ് ഇല്ലാത്തവരുമായ തീരദേശ മത്സ്യത്തൊഴിലാളികളുടെ ശുചിത്വ പരിപാലനത്തിനായി സർക്കാരിന്റെ വിവിധ പദ്ധതികളായ 13-ാം ധനകാര്യ കമ്മീഷൻ ധനസഹായം ഉപയോഗിച്ചുള്ള പദ്ധതികൾ ഐ.ഡി.എഫ്.വി ടോയ്‌ലറ്റ് നിർമ്മാണ ധനസഹായം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകി വരുന്നു.<br>**(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 10 | വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി, വല്ലാർപാടം നാലുവരിപ്പാതയുടെ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് തൊഴിൽ, തൊഴിലുപകരണങ്ങൾ, ആയത് സൂക്ഷിക്കുന്നതിനുള്ള സൗകര്യം എന്നിവ പൂർണ്ണമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുക തികച്ചും അപര്യാപ്തമായതിനാൽ പ്രസ്തുത നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, നാഷണൽ | **<u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u>**<br>**<u>(18-05-2015 ലെ 7287/സി2/14/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br>വല്ലാർപാടം ടെർമിനൽ പദ്ധതിക്കുവേണ്ടി തൊഴിൽ നഷ്ടപരിഹാരവും ദുരിതാശ്വാസ സഹായവും നൽകുന്നതിലേയ്ക്കായി 2,05,39,735/- രൂപയുടെ പാക്കേജ് അംഗീകരിക്കുകയും ആയതിൽ 1-ാം ഘട്ടത്തിലേക്കാവശ്യമായ 96,19,110/- രൂപയിൽ റെയിൽ കണക്ടിവിറ്റി മുഖാന്തിരം ടി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കുണ്ടായിട്ടുള്ള നഷ്ടപരിഹാരതുകയായ 27,42,500/- രൂപ മാത്രമാണ് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവദിച്ചത്. ടി തുക എറണാകുളം (മേഖല) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി നഷ്ടപരിഹാരത്തുക 68,76,610/- രൂപ ലഭ്യമായിട്ടില്ല. രണ്ടാം ഘട്ടത്തിൽ ക്യാപിറ്റൽ ഡ്രെഡ്ജിംഗ് മൂലമുണ്ടാകുന്ന തൊഴിൽ, |

ഹൈവേ അതോറിറ്റി തുടങ്ങിയ ഏജൻസികളിൽ നിന്ന് ലഭിക്കാനുള്ള മുഴുവൻ നഷ്ടപരിഹാരത്തുകയും അടിയന്തരമായി ലഭ്യമാക്കി വിതരണം ചെയ്യുവാൻ നടപടി ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക നമ്പർ – 22 എ)**

**(23-11-2016 -ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം )**

വല്ലാർപാടം കണ്ടെയിനർ ടെർമിനൽ പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിലും തൊഴിലുപകരണങ്ങളും നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്നതു സംബന്ധിച്ച നിയമ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും ഇനി എത്ര പേർക്കാണ് നഷ്ടപരിഹാരം ലഭിക്കാനുള്ളതെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

തൊഴിലുപകരണങ്ങൾ എന്നിവയുടെ നഷ്ട പരിഹാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലേയ്ക്കായി 1,09,20,625/- രൂപയാണ് നഷ്ടപരിഹാര പാക്കേജിൽ സർക്കാർ അംഗീകരിച്ചിട്ടുള്ളത്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്ന് 1-ാം ഘട്ട നഷ്ടപരിഹാര പാക്കേജ് പ്രകാരം ലഭിക്കാനുള്ള 68,76,610/- രൂപ ലഭ്യമാക്കുന്നതിന് സർക്കാർ നിയമ നടപടികൾ സ്വീകരിച്ചു വരികയുമാണ്.

**(23-11-2016 -ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)**

**<u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u>**

**<u>(22-04-2025 ലെ സി2/467/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**

വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മൂലം തൊഴിലും തൊഴിലുപകരണങ്ങളും നഷ്ടപ്പെട്ടവർക്കായി 2.05,39,735/- രൂപയുടെ നഷ്ടപരിഹാര പാക്കേജാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത പാക്കേജ് റിപ്പോർട്ടിൽ ഉൾപ്പെട്ടവർക്ക് നൽകേണ്ടുന്ന നഷ്ടപരിഹാരത്തുക സംബന്ധിച്ച വിശദാംശങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | | പാക്കേജ് റിപ്പോർട്ട് പ്രകാരമുള്ള നഷ്ടപരിഹാരം |
|---|---|---|---|
| 1 | പൂർണ്ണമായും നീക്കം ചെയ്യപ്പെടുന്ന ഊന്നി വലകളുടെ നഷ്ടപരിഹാരം (ചമ്പടിത്താഴം, ചെറിയ താഴം, വലിയതാഴം ഊന്നിനിരകൾ) | 1-ാം തരം വലയൊന്നിന് | 87,500 |
| | | 2-ാം തരം വലയൊന്നിന് | 72,500 |
| | | 3-ാം തരം വലയൊന്നിന് | 57,500 |

| | | | |
|---|---|---|---|
| 2 | ചെമ്മീൻ വാറ്റ് കൃഷി നശിച്ച നിലമുടമകൾക്കുള്ള നഷ്ടപരിഹാരം | ഏക്കറിന് | 6,000 |
| 3 | നീട്ടുവല, വീശുവല,വട്ടവല അടിച്ചിൽവല മുതലായവ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തിയിരുന്ന തൊഴിൽ നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം | ആളൊന്നിന് | 8,750 |
| 4 | പ്രവർത്തന നഷ്ടം സംഭവിച്ച ഊന്നിവലകൾക്കുള്ള സമാശ്വാസ സഹായം (മുളവുകാട്, ഇല്ലിക്കൽ താഴം, പുത്തൻപാട, കുനൻപാട്, പുതുലൈൻ മുതലായ ഊന്നിനിരകൾ | 1-ാം തരം വലയൊന്നിന് | 10,000 |
| | | 2-ാം തരം വലയൊന്നിന് | 7,000 |
| | | 3-ാം തരം വലയൊന്നിന് | 5,000 |
| 5. | ചീനവലകൾക്ക് നൽകേണ്ടുന്ന നഷ്ടപരിഹാരം | 1-ാം തരം വലയൊന്നിന് | 17,000 |
| | | 2-ാം തരം വലയൊന്നിന് | 14,000 |

മേൽ ലിസ്റ്റിൽ ഉൾപ്പെട്ടതും (ക്രമ നമ്പർ-1) എന്നാൽ ദേശീയ ജലപാത III ന്റെ പരിധിയിൽ വരുന്നതും ജലപാതയുടെ വികസനത്തിനായി ആദ്യമേ നീക്കം ചെയ്യുന്നതുമായ മുളവ്കാട് വില്ലേജിലെ ചെറിയതാഴം, വലിയതാഴം എന്നീ ഊന്നി നിരകളിൽ ഉൾപ്പെടുന്ന 32 ഊന്നിവലകൾക്ക്, ദേശീയ ജലപാത III- ന്റെ വികസനത്തിനായി നീക്കം ചെയ്യപ്പെടുന്ന

ഊന്നിവലകൾക്കുള്ള അംഗീകരിക്കപ്പെട്ട നഷ്ടപരിഹാര പാക്കേജ് പ്രകാരം I. II. III തരത്തിൽപ്പെട്ട അംഗീകൃത വലകൾക്ക് വലയൊന്നിന് 2,50,000/- രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ദേശീയ ജലപാതയിൽ ഉൾപ്പെട്ട അനധികൃത ചീന/ഊന്നി വലകൾക്കും വലയൊന്നിന് 1,25,000/- രൂപ നിരക്കിൽ സർക്കാർ നഷ്ടപരിഹാരം അനുവദിച്ചിരുന്നതും ടി തുക വിതരണം ചെയ്തിട്ടുള്ളതുമാണ്.

രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഒന്നാം ഘട്ട നഷ്ടപരിഹാരമായി ആകെ നൽകേണ്ടുന്ന 96,19,110/- രൂപയിൽ താഴെപറയുന്ന തുക മാത്രമാണ് കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും എറണാകുളം ജില്ലാ കളക്ടർ മുഖേന ലഭിച്ചിട്ടുള്ളത്.

<u>കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും ലഭിച്ച തുക</u>

| | | |
|---|---|---|
| 1. | ഒന്നാം ഘട്ടം - റെയിൽ കണക്ടിവിറ്റി നഷ്ടപരിഹാരം | 27,42,500/- |
| 2. | ഒന്നാം ഘട്ടം - റോഡ് കണക്ടിവിറ്റി നഷ്ടപരിഹാരം | 36,87,193/- |
| | ആകെ | 64,29,693/ |

ഒന്നാം ഘട്ടം നഷ്ടപരിഹാരമായി ആകെ ലഭിക്കേണ്ട 96,19,110/- രൂപയിൽ മേൽ പ്രകാരം കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും ലഭിച്ച 64,29,693/- രൂപ കിഴിച്ച് 31,89,417/- രൂപ ഇനിയും ലഭിക്കേണ്ടതായുണ്ട്.

രണ്ടാം ഘട്ടം നഷ്ടപരിഹാരമായി 1,09,20,625/- രൂപയാണ് പാക്കേജ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളത്. ഐ.സി.ടി.ടി പദ്ധതിയുടെ രണ്ടാം ഘട്ട ക്യാപ്പിറ്റൽ ഡ്രഡ്ജിംഗ് മൂലം പൂർണ്ണമായും എടുത്തു മാറ്റപ്പെടുന്ന ചെറിയതാഴം, വലിയതാഴം എന്നീ ഊന്നി നിരകളിൽ ഉൾപ്പെടുന്ന ഊന്നി വലകളുടെ നഷ്ടപരിഹാരമാണിത്. ഊന്നി വലകളുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | (ഐ.സി.ടി.ടി പാക്കേജ് റിപ്പോർട്ട് പ്രകാരമുള്ളത്) |
|---|---|---|

| എടുത്തു മാറ്റേണ്ട ഊന്നി ആകെ എണ്ണം | | | അകെ എണ്ണം | നഷ്ടപരിഹാര ചെലവ് (രൂപയിൽ) | റിമാർക്സ് ICTT പാക്കേജ് റിപ്പോർട്ട് പ്രകാരമുള്ള നഷ്ടപരിഹാര നിരക്ക് |
|---|---|---|---|---|---|
| 1-ാം തരം | 2-ാം തരം | 3-ാം തരം | | | |
| 45¾ | 68¼ | 34¼ | 148¼ | 1,09,20,625 | 1-ാം തരം-**87,500** |
| | | | | | 2-ാം തരം-72,500 |
| | | | | | 3-ാം തരം-57,500 |

എന്നാൽ ഐ.സി.സി.ടി പാക്കേജ് റിപ്പോർട്ടിൽ ഉൾപ്പെട്ട ചെറിയതാഴം, വലിയതാഴം എന്നീ ഊന്നി നിരകളിലെ മേൽ പറഞ്ഞ 148 1/4 ഊന്നി വലകളിൽ 32 ഊന്നിവലകൾ (ചെറിയതാഴം - 16, വലിയതാഴം - 16) ദേശീയ ജലപാത III-ൽ വരുന്നതും, ജലപാതയുടെ വികസനത്തിനായി മുമ്പേതന്നെ നീക്കം ചെയ്തിട്ടുള്ളതും വലയൊന്നിന് 2,50,000 രൂപ നിരക്കിൽ നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളതുമാണ് (രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത തിനാൽ മേൽ പറഞ്ഞ 32 വലകളിൽ 7 വലകളുടെ നഷ്ടപരിഹാരം ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടില്ലാത്തതാണ്. എന്നാൽ ഐ.സി.ടി.ടി പദ്ധതിയുടെ രണ്ടാംഘട്ടം നഷ്ടപരിഹാര തുകയായ 1,09,20,625/- രൂപയിൽ ദേശീയജലപാത III ന്റെ പരിധിയിൽ വരുന്നതും ജലപാതയുടെ വികസനത്തിനായി 2,50,000/-നിരക്കിൽ നഷ്ടപരിഹാരം അനുവദിച്ച് നീക്കം ചെയ്തതും ആയ മേൽപറഞ്ഞ 32 വലകളുടെ നഷ്ടപരിഹാരമായ 26,95,000/- രൂപയും ഉൾപ്പെടുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഊന്നി നിര | വലകളുടെ എണ്ണം | | | ആകെ | ICTT പാക്കേജ് പ്രകാരമുള്ള നഷ്ടപരിഹാര തുക | ICTT പാക്കേജ് റിപ്പോർട്ട് പ്രകാരമുള്ള നഷ്ടപരിഹാര നിരക്ക് |
|---|---|---|---|---|---|---|---|
| | | 1-ാം തരം | 2-ാം തരം | 3-ാം തരം | | | |
| 1 | വലിയതാഴം | 11 | 4 | 1 | 16 | 26,95,000 | 1-ാം തരം 87.500 |
| 2 | ചെറിയതാഴം | 15 | 1 | . | 16 | | 2-ാം തരം 72,500 |
| | ആകെ | 26 | 5 | 1 | 32 | | 3-ാം തരം 57500 |

മേൽ സാഹചര്യത്തിൽ ഐ.സി.ടി.ടി പാക്കേജ് റിപ്പോർട്ട് പ്രകാരമുള്ള നഷ്ടപരിഹാരമായ 1,09,20,625/- രൂപയിൽ നിന്നും ദേശീയ ജലപാതയ്ക്ക് വേണ്ടി നീക്കം ചെയ്ത മേൽ പറഞ്ഞ 32 വലകളുടെ നഷ്ടപരിഹാരമായ 26,95,000/- രൂപ കിഴിച്ച് 82,25,625/- രൂപയും ഇനിയും ലഭിക്കേണ്ടതായുണ്ട്.

ഐ.സി.ടി.ടി നഷ്ടപരിഹാര വിതരണത്തിനായി ഇനിയും ലഭിക്കേണ്ടതായ തുകയുടെ വിവരങ്ങൾ (ചുരുക്ക രൂപത്തിൽ)

| ക്രമ നം. | ഇനം. | ആകെ പാക്കേജ് തുക | കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും ലഭിച്ച തുക | ദേശീയ ജലപാത-III നായി നീക്കം ചെയ്ത വലകളുടെ തുക | ഇനിയും ലഭിക്കേണ്ട തായ തുക |
|---|---|---|---|---|---|
| 1 | ഒന്നാംഘട്ട നഷ്ടപരിഹാരം | 96,19,110 | 64,29,693 | | 31,89,417 |

| | | | | | |
|---|---|---|---|---|---|
| 2 | രണ്ടാംഘട്ട നഷ്ടപരിഹാരം | 1,09,20,625 | | 26,95,000 | 82,25,625 |
| | അകെ | | | | 1,14,15,042 |

വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാര പാക്കേജിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിനായി കൂടിയ യോഗത്തിൽ, നഷ്ടപരിഹാര പാക്കേജിൽ പേരുൾപ്പെടാതെ പോയവരുടെ പരാതികൾ മുളവുകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്വീകരിച്ച്, പഞ്ചായത്ത് സമിതി അംഗീകരിച്ച അർഹരായവരുടെ ലിസ്റ്റ് ഈ ആഫീസിലേക്ക് അയച്ചു തരുന്നതിന് മുളവുകാട് പഞ്ചായത്ത് പ്രസിഡന്റിനെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിരുന്നു. ആയത് പ്രകാരം ലഭ്യമായ 22 ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്തു.

ബഹു. ഫിഷറീസ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02/12/2016-ൽ കൂടിയ പദ്ധതി അവലോകന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2017 ഏപ്രിൽ മുതൽ ഫിഷറീസ് ഡയറക്ടറേറ്റിൽ നിന്നും നഷ്ടപരിഹാരം വിതരണം ചെയ്ത് തുടങ്ങിയിരുന്നു. നാളിതുവരെ വിതരണം ചെയ്ത നഷ്ടപരിഹാര തുകയുടെ വിശദാംശങ്ങൾ ചുവടെ സമർപ്പിക്കുന്നു.

| ക്രമ നം | ഇനം | ലഭിച്ച തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക | ലഭിച്ച അപേക്ഷകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | റെയിൽ കണക്ടിവിറ്റി നഷ്ടപരിഹാരം | 27,42,500 | 5,81,500 | 21,61,000 | 57 | 48 അപേക്ഷകളിൽ നഷ്ടപരിഹാരം വിതരണം ചെയ്തു. |

<table>
<tr>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td></td><td></td><td></td><td></td><td>GO(p) No. 51/2018/Fin dtd 28.03.2018 ഉത്തരവ് പ്രകാരം ബാലൻസ് തുക പിൻവലിച്ചു.</td></tr>
<tr><td>2.</td><td>റോഡ് കണക്ടിവിറ്റി നഷ്ടപരിഹാരം</td><td>36,87,193</td><td>20,06,750</td><td>16,80,443</td><td>133</td><td>117 അപേക്ഷ കളിൽ നഷ്ടപരിഹാരം വിതരണം ചെയ്തു. ശേഷിക്കുന്ന അപേക്ഷകളിൽ ആവശ്യമായ രേഖകൾ ഗുണഭോക്താക്കൾ നൽകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.</td></tr>
</table>
(19-06-2025 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)
</td>
</tr>
<tr>
<td>11</td>
<td>അന്താരാഷ്ട്ര സമുദ്രാതിർത്തികൾ നിർണ്ണയിക്കുമ്പോൾ കൃത്യമായ ധാരണകളും വ്യക്തതയും ഉണ്ടാകണമെന്നും അവ വേണ്ടവിധം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുകയും വേണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. മാറിവരുന്ന</td>
<td><u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u><br><u>(08-12-2015 ലെ 7275/ബി1/2014/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u><br>KMFR Act-ലെ വ്യവസ്ഥകൾ പ്രകാരം മത്സ്യബന്ധനത്തിന് ലൈസൻസ് നൽകുന്നത് ടെറിട്ടോറിയൽ വാട്ടേഴ്സ് ആയ 12 നോട്ടിക്കൽ മൈൽ വരെയുള്ള കടലിലെ പ്രദേശത്ത് മത്സ്യബന്ധനം നടത്തുന്നതിനാണ്. ഈ 12 നോട്ടിക്കൽ മൈലിനു പുറത്ത് മത്സ്യബന്ധനം</td>
</tr>
</table>

| | | |
|---|---|---|
| | സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവൻ കരയിലെന്നപോലെ കടലിലും സുരക്ഷിതമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച് വിശദമായ പഠനങ്ങൾ നടത്തി കടൽനിയമങ്ങളിൽ അതിനനുസരണമായ ഭേദഗതി വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br>**(ഖണ്ഡിക നമ്പർ – 23)**<br><br>**(23-11-2016 -ലെ യോഗത്തിൽ സമിതി ആരാഞ്ഞ** അധിക വിവരം)<br>മറൈൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും നിലവിൽ എത്ര മറൈൻ ആംബുലൻസുകൾ എർപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള വിവരം മത്സ്യബന്ധന തുറമുഖ വകുപ്പിനോടാരായാൻ സമിതി തീരുമാനിച്ചു. | നടത്തുന്നതിന് സെൻട്രൽ അഗ്രികൾച്ചറൽ മന്ത്രാലയത്തിന്റെ ലെറ്റർ ഓഫ് പെർമിഷൻ നിർബന്ധമാക്കിയിട്ടുണ്ട്. മത്സ്യബന്ധനത്തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിൽ അപകടം സംഭവിച്ചാൽ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നീ കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് ഫിഷറീസ് വകുപ്പ് നിലവിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തി വരുന്നു. മറ്റു രാജ്യങ്ങളുടെ അതിർത്തി ലംഘിച്ചുള്ള മത്സ്യബന്ധനം എന്നിവ നടത്താതിരിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനായി മറൈൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>**(23-11-2016 -ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)**<br><br>**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**<br>**(01-09-2021 ലെ ബി1/439/2017/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>ഓഖി പോലുള്ള അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തി കടലിൽ അകപ്പെടുന്നവരുടെ ജീവൻ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 18.24 കോടി രൂപ ചിലവിട്ട് 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡ് മുഖേന നിർമ്മിക്കുന്നതിന് ധാരണയാകുകയും ആയതിൽ ആദ്യത്തെ ആംബുലൻസായ പ്രതീക്ഷ 27 ആഗസ്റ്റ് 2020 ന് ബഹു മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ചാണ് മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നത്. രണ്ടാമത്തെ ആംബുലൻസായ പ്രത്യാശ, മൂന്നാമത്തേതായ കാരുണ്യ എന്നിവ 2021 ജനുവരി മാസം 28 -ാം തീയതി ഉദ്ഘാടനം നിർവഹിച്ച പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br>**(10-01-2022 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | |
|---|---|---|
| 12 | മത്സ്യബന്ധനത്തിനിടെ മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ രക്ഷാപ്രവർത്തനം യഥാസമയം നടത്തുന്നതിനായി സീറെസ്ക്യൂ ബോട്ടുകൾ സദാസമയവും സജ്ജമാക്കി നിർത്തേണ്ടതാണെന്നും വിവര വിനിമയ സംവിധാനത്തിന്റെ നൂതന സങ്കേതങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 24)** | **മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**<br>**(08-12-2015 ലെ 7275/ബി1/2014/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നതിനായി വകുപ്പിന് കീഴിലുള്ള 5 ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ റസ്ക്യൂ ഓപ്പറേഷൻ നടത്തി വരുന്നുണ്ട്. കൂടാതെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ അതിവേഗം തീരത്തെത്തിച്ച് രക്ഷിക്കുന്നതിനായി മറൈൻ ആംബുലൻസ് പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.<br>**(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 13 | മത്സ്യത്തൊഴിലാളികൾക്ക് ആശങ്ക കൂടാതെ തൊഴിലിൽ ഏർപ്പെടുന്നതിനുവേണ്ടി അത്തരം നിർമ്മാണങ്ങൾ കണ്ടെത്തി പോരായ്മകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കടലാക്രമണങ്ങളിൽ നിന്ന് തീരദേശ വാസികളെ സംരക്ഷിക്കുന്നതിനായി പുലിമുട്ടോടുകൂടിയ കടൽ ഭിത്തികൾ നിർമ്മിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ സാങ്കേതിക വിദഗ്ദ്ധരോടൊപ്പം പ്രായോഗിക പരിജ്ഞാനമുള്ള | **ജലവിഭവ (ഐ.ആർ) വകുപ്പ്**<br>**(19-11-2014 ലെ 18489/ഐ.ആർ2/14/ജ.വി.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>ഫിഷിംഗ് ഹാർബറുകളുടെയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണം ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിലുള്ളതല്ല.<br>കേരളത്തിലെ തീരപ്രദേശങ്ങളിലെ കടൽ ക്ഷോഭത്തെക്കുറിച്ച് പഠിക്കുവാനും അവയ്ക്കുള്ള ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി പഠനം നടത്തുവാൻ സിഡബ്ല്യൂപിആർഎസിനെ ചുമതലപ്പെടുത്തുകയുണ്ടായി. പഠനം പൂർത്തീകരിച്ച് അനുയോജ്യമായ രൂപരേഖ സംബന്ധിച്ച് ശുപാർശ ലഭിച്ചാൽ, കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാൻ സാധിക്കും. പ്രസ്തുത നിർമ്മാണപദ്ധതികൾക്ക് രൂപം നൽകുമ്പോൾ പ്രയോഗിക പരിജ്ഞാനമുള്ള തദ്ദേശ വാസികളായ മത്സ്യത്തൊഴിലാളികളുടെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട് രൂപം നൽകുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**(13-05-2015 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | |
|---|---|---|
| | തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികളെ ക്കൂടി ഉൾപ്പെടുത്തി നിർമ്മാണ പദ്ധതികൾക്ക് രൂപം നൽകണമെന്ന് സമിതി പ്രത്യേകം നിർദ്ദേശിക്കുന്നു.<br>**(ഖണ്ഡിക നമ്പർ – 25)** | **<u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u>**<br>**<u>(08-12-2015 ലെ 7275/ബി1/2014/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br>ഹാർബർ എൻജിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട ഹാർബറുകളുടെയും ഫിഷ് ലാൻഡിംഗ് സെന്ററുകളുടെയും വളരെ അടുത്തായി ഉണ്ടാകുന്ന കടലാക്രമണം റിപ്പോർട്ട ചെയ്യുന്നതിനും പുലിമുട്ടുകളുടെ നിർമ്മാണം നിമിത്തം കൂടുതൽ കടലാക്രമണം ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ആയതിന് വേണ്ട തീരസംരക്ഷണ പ്രവൃത്തികൾ ക്രമീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും, സൂപ്രണ്ടിംഗ് എൻജിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹാർബർ ഏരിയയിൽ നിന്നും അകലെയുള്ള കടൽഭിത്തി/തീരസംരക്ഷണ പ്രവൃത്തികൾ ജലസേചന വകുപ്പിന്റെ പരിധിയിലാണ് വരുന്നത്.<br>കൂടാതെ ഹാർബറുകളും ഫിഷ്ലാന്റിംഗ് സെന്ററുകളും നിർമ്മിക്കുമ്പോൾ തദ്ദേശത്തെ മത്സ്യത്തൊഴിലാളികളുടെയും മറ്റും അഭിപ്രായ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കാറുണ്ട്.<br>**(23-11-2016 -ലെ യോഗത്തിൽ പരിഗണിക്കുകയും ജലവിഭവ വകുപ്പിനോട് അധികവിവരം ആരായുകയും ചെയ്തു.)** |
| | **23-11-2016 -ലെ യോഗത്തിൽ സമിതി <u>അരാഞ്ഞ അധികവിവരം</u>**<br>ഹാർബർ ഏരിയയിൽ നിന്ന് എത്ര ദൂരം അകലെയുള്ള കടൽഭിത്തി/തീര സംരക്ഷണ പ്രവർത്തനങ്ങളാണ് ജലസേചന വകുപ്പ് നടത്തുന്നതെന്നതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ജലവിഭവ വകുപ്പിനോട് ആവശ്യപ്പെട്ടു. | **<u>ജലവിഭവ (ഐ.ആർ) വകുപ്പ്</u>**<br>**<u>(23-09-2019 ലെ (ഐ.ആർ2/76/2017/ജ.വി.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>കേരള തീരങ്ങളിലെ കടലാക്രമണം മൂലമുള്ള തീരസംരക്ഷണം പൊതുവേ ജലസേചന വകുപ്പാണ് ഏറ്റെടുക്കുന്നത്. എന്നാൽ ഹാർബർ നിർമാണം മൂലം തിരശോഷണം വന്ന ഭാഗങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്താറുണ്ട്. ഹാർബർ ഏരിയയിൽ നിന്നും എത്ര ദൂരം അകലെയുള്ള കടൽഭിത്തി |

| | | |
|---|---|---|
| | **22-10-2020 -ലെ സമിതി ശിപാർശ**<br>**ഹാർബർ ഏരിയയിൽ നിന്നും എത്ര ദൂരം അകലെ യുള്ള കടൽഭിത്തി തീര സംരക്ഷണ പ്രവർത്തന ങ്ങളാണ് ജലസേചന വകുപ്പ് നടത്തേണ്ടത് എന്നതു സംബന്ധിച്ച് വ്യക്തമായ ഉത്തരവുകളോ നിബന്ധന കളോ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യു** | തീരസംരക്ഷണ പ്രവർത്തനങ്ങളാണ് ജലസേചന വകുപ്പ് നടത്തേണ്ടത് എന്നതിനുള്ള പ്രത്യേക ഉത്തരവുകളോ നിബന്ധനകളോ ഒന്നും തന്നെ നിലവിലില്ല.<br>(22-10-2020 -ലെ യോഗത്തിൽ പരിഗണിക്കുകയും തുടർ ശിപാർശ നൽകുകയും ചെയ്തു.)<br><br>**റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല** |
| 14 | മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന വ്യാജ മത്സ്യത്തൊഴിലാളികളെ കണ്ടെത്തി ഇവരെ മത്സ്യത്തൊഴിലാളികളുടെ വിഭാഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതിന് കർശനമായ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 26)** | **മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**<br>**(08-12-2015 ലെ 7275/ബി1/2014/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കി വരുന്ന ആനുകൂല്യങ്ങൾ ദേശസാൽകൃത ബാങ്കുകൾ വഴി അവരവരുടെ അക്കൗണ്ടിൽ നേരിട്ട് എത്തിച്ചു നൽകുന്ന സംവിധാനമാണ് നിലവിലുള്ളത്. എന്നാൽ ഉയർന്ന സാമ്പത്തിക നിലവാരം ഉള്ള മത്സ്യത്തൊഴിലാളികളും വ്യാജരേഖകൾ ചമച്ച് ഫിഷറീസ് വകുപ്പ് വഴി വിതരണം ചെയ്യുന്ന പല ആനുകൂല്യങ്ങളും കൈപ്പറ്റുന്നുണ്ട്. ഇത് തടയുന്നതിനായി മത്സ്യത്തൊഴിലാളികളുടെ പട്ടിക തയ്യാറാക്കുമ്പോൾ വ്യാജ മത്സ്യത്തൊഴിലാളികളെ നീക്കം ചെയ്യുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനായി ഫണ്ട്ബോർഡ് കമ്മീഷണർക്കും ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | |
|---|---|---|
| 15 | ഫിഷറീസ് സ്കൂളുകൾക്ക് നൽകുന്ന പാചകവാതകം ഗാർഹികാവശ്യങ്ങൾക്ക് നൽകുന്നതു പോലെ സബ്സിഡൈസ്ഡ് നിരക്കിൽ നൽകുന്നതിനും ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കുട്ടികളുടെ എണ്ണവും പ്രാദേശിക ആവശ്യവും കണക്കിലെടുത്ത് നിലവിലുള്ള ഫിഷറീസ് ഹൈസ്കൂളുകൾ ഹയർ സെക്കന്ററി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 27)** | **<u>പൊതുവിദ്യാഭ്യാസ (യു) വകുപ്പ്</u>**<br>**<u>(21-12-2015 ലെ 30339/യു3/15/പൊ.വി നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br>കേരളത്തിലെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളുടെ നടത്തിപ്പ് ബന്ധപ്പെട്ട കോർപ്പറേഷൻ/ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവയ്ക്കാണ്. സ്കൂളുകളിൽ കുടിവെള്ള ലഭ്യതയും ക്ലാസ്സ് റൂം സൗകര്യങ്ങൾ/ടോയിലറ്റ് എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാസമയം പ്രൊപ്പോസൽ നൽകേണ്ടതും ടി സ്ഥാപനങ്ങളിൽ നിന്ന് ഫണ്ടുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതിനും ബന്ധപ്പെട്ട ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ മുൻകൈ എടുക്കേണ്ടതാണെന്നും കൂടാതെ സ്കൂൾ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനും ടോയിലറ്റ്/കടിവെള്ള സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കും പി.ടി.എ എക്സിക്യൂട്ടീവ് കമ്മിറ്റി ഭാരവാഹികളുമായി ചർച്ച നടത്തി പി.ടി.എ ഫണ്ടിൽ നിന്നും അനുവദനീയമായ തുക കണ്ടെത്താവുന്നതാണെന്നും ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 29.04.2014-ലെ എസിഡിസി 4/ .62508/2013/ എച്ച്.എസ്.ഇ നമ്പർ സർക്കുലർ പ്രകാരം എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>31.07.2014 ലെ സ ഉ (കൈ നം. 143/2014 പൊവി സർക്കാർ ഉത്തരവ് പ്രകാരവും 24.11.2014-ലെ സ.ഉ(കൈ) നം. 247/2014/പൊവി സർക്കാർ പ്രകാരവും ഹയർസെക്കന്ററി ബാച്ചുകൾ സംസ്ഥാനത്തൊട്ടാകെ അനുവദിച്ചതിലൂടെ സംസ്ഥാനത്തെ ഹയർസെക്കന്ററി വിദ്യാഭ്യാസ ആവശ്യകത നിറവേറ്റിയതായി സർക്കാർ കരുതുന്നു. നിലവിൽ ഇതിനു പരിയായി ഹയർസെക്കന്ററി സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നില്ല എന്ന വിവരവും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br>(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |

| | | |
|---|---|---|
| | | **<u>ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പ്</u>**<br>**<u>(23-11-2016 ലെ 64263/ഡി3/2014/ഭ.പൊ.വി.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>സംസ്ഥാനത്തെ സർക്കാർ നിയന്ത്രണത്തിലുള്ള ഫിഷറീസ് സ്കൂളുകളെ ഡൊമസ്റ്റിക് എക്സംപ്റ്റഡ് കാറ്റഗറിയിൽ (NDEC) ഉൾപ്പെടുത്തി ഗാർഹിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന നിരക്കിലും എണ്ണത്തിലും എൽ.പി.ജി സിലിണ്ടറുകൾ ലഭ്യമാക്കുന്നുണ്ട്. ഇത്തരത്തിൽ ഇനിയും സിലിണ്ടറുകൾ ലഭിച്ചിട്ടില്ലാത്ത കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ. ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിലുള്ള സ്കൂളുകൾ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ഏരിയ മാനേജരേയും മറ്റു ജില്ലകളിലുള്ള സ്കൂളുകൾ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കൊച്ചി ഏരിയ മാനേജറേയും സമീപിച്ചാൽ ഗാർഹിക നിരക്കിലുള്ള സിലിണ്ടറുകൾ ലഭ്യമാക്കുന്നതാണെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.<br>(31-05-2017 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 16 | റേഷൻകാർഡിന്റെ അടിസ്ഥാനത്തിലോ മത്സ്യഫെഡിലെയോ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെയോ അംഗത്വ പ്രകാരമോ മറ്റ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലോ മത്സ്യത്തൊഴിലാളി കുടുംബങ്ങളായി അംഗീകരിച്ച എല്ലാ കുടുംബങ്ങളെയും ബി.പി.എൽ. കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 28)** | **<u>തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്</u>**<br>**<u>(14-05-2014 ലെ 58583/ഡി.ഡി3/2014/ത.സ്വ.ഭ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>2009 ബി.പി.എൽ സർവേ പ്രകാരം സർവേ ചെയ്ത കുടുംബങ്ങളിൽ നിന്നും (ബി ഫോം സർവെ ചെയ്ത കുടുംബങ്ങൾ) ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങളും അതിനുള്ള വെയിറ്റേജുകളും 14.01.2011-ലെ സർക്കാർ ഉത്തരവ് (കൈ) നം. 16/2011/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിരുന്നു.<br>മേൽ പരാമർശിച്ച ഉത്തരവിൽ ദരിദ്രകുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള സൂചകങ്ങളും അവയുടെ വെയിറ്റേജും നിശ്ചയിച്ചിരുന്നു. ഇതനുസരിച്ച് പരമ്പരാഗത മീൻപിടുത്തക്കാർ, മത്സ്യവ്യാപാരവുമായി ബന്ധപ്പെട്ടവർ, മത്സ്യ സംസ്കരണശാലകളിൽ ജോലി ചെയ്യുന്നവർ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി 10 മാർക്ക് |

| | | |
|---|---|---|
| | | നൽകിയിട്ടുണ്ട്. ആയതിനാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകമായി പരിഗണന നൽകി. അർഹരായവരെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പടുത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>(23-11-2016 -ലെ സമിതി യോഗം പരിഗണിക്കുകയും വ്യക്തമായ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.)<br><br>**<u>ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ്</u>**<br>**<u>( 26-07-2018 ലെ (ഭ.സി.സ.വ ബി3/14/2014/ഭ.സി.സ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ബി.പി.എൽ/എ.പി.എൽ പട്ടികയ്ക്ക് പകരമായി മുൻഗണനാ/ മുൻഗണനേതര പട്ടികയാണ് നിലവിലുള്ളത്. മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡ പ്രകാരം പരമ്പരാഗത/അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങളെ മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്ന വിവരം സമിതിയെ അറിയിക്കുന്നു.<br>(26-09-2018 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)<br><br>**<u>തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്</u>**<br>**<u>(22-04-2021 ലെ ഡിഡി3/218/2019/ ത.സ്വ.ഭ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br><br>ദേശീയ ഭക്ഷ്യ-സുരക്ഷാ നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നതോട് കൂടി ബി.പി.എൽ എന്ന കാറ്റഗറി ഇല്ലാതാവുകയും കുടുംബങ്ങളെ അവയുടെ അർഹതയുടെ അടിസ്ഥാനത്തിൽ മുൻഗണന മുൻഗണനയിതര വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ |

| | | |
|---|---|---|
| | | കാർഡ് നൽകുന്ന സമ്പ്രദായം നിലവിൽ വരുകയും ചെയ്തിട്ടുള്ളതാണ്. ഇതിനുള്ള ചുമതല ഇപ്പോൾ ഭക്ഷ്യ-പൊതുവിതരണ വകുപ്പിനാണുള്ളത്. ഈ സാഹചര്യത്തിൽ ബി.പി.എൽ വിഷയവുമായി ബന്ധപ്പെട്ട് സമിതിക്കു നൽകിയ മറുപടിയിന്മേൽ ഈ വകുപ്പിൽ നിന്നും അധിക വിവരങ്ങൾ നൽകാൻ കഴിയില്ലായെന്ന് അറിയിക്കുന്നു.<br>(07-09-2021 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 17 | പരമ്പരാഗത/ഒ.ബി.എം. ഘടിപ്പിച്ച യാനങ്ങളിലെ മത്സ്യബന്ധന വലകൾക്ക് കടൽ മാക്രി ആക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള സർക്കാർ തീരുമാനത്തെ സമിതി സ്വാഗതം ചെയ്യുന്നു. അതോടൊപ്പം തന്നെ ഹോഴ്സ്പവറിന്റെയും മറ്റ് മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ, രജിസ്റ്റർ ചെയ്ത എല്ലാ യാനങ്ങളിലെയും മത്സ്യബന്ധന വലകൾക്ക് കടൽ മാക്രിയുടെ ആക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 29)** | **<u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u>**<br>**<u>(02-11-2019 ലെ 3690250/ബി1/2019/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br>നിലവിൽ പരമ്പരാഗത/ഒ.ബി.എം ഘടിപ്പിച്ച യാനങ്ങളിലെ വലകൾക്കാണ് കടൽ മാക്രി ആക്രമണംകൊണ്ടുണ്ടാകുന്ന കേടുപാടുകൾക്ക് നഷ്ടപരിഹാരം നൽകിവരുന്നത്. സമിതി ശുപാർശ ചെയ്തിരിക്കുന്നത്. HP യുടെയും മറ്റു മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത എല്ലാ യാനങ്ങളുടെയും വലകൾക്കു ഇത്തരം നാശനഷ്ടം ഉണ്ടാകുമ്പോൾ നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കണം എന്നാണ്. ഇക്കാര്യം പരിശോധിക്കുന്നതാണ്.<br>(22-10-2020 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 18 | കക്കാ തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിന് തുക വകയിരുത്തണമെന്നും റേഷൻ | **<u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u>**<br>**(02-11-2019 ലെ 3690250/ബി1/2019/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>കൊല്ലം ജില്ലയിൽ അഷ്ടമുടി കായലിൽ ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ |

| | | |
|---|---|---|
| | വിതരണം കാര്യക്ഷമമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 30** | ഏർപ്പെടുത്തിയിട്ടുള്ള കക്കവാരൽ നിരോധനത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകിവരുന്നുണ്ട്.<br>(22-10-2020 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 19 | വിപണനം ചെയ്യാതെ ശേഷിക്കുന്ന മത്സ്യം കേടാകാതെ ഭക്ഷ്യയോഗ്യമായി സൂക്ഷിക്കുന്നതിന് ഫിഷിംഗ് ഹാർബറുകൾ/ ഫിഷ് ലാന്റിംഗ് സെന്ററുകൾ/ഫിഷ് മാർക്കറ്റുകൾ എന്നിവിടങ്ങളിൽ സർക്കാർ/സർക്കാർ ഏജൻസികൾ മുഖേന ഫ്രീസിംഗ് പ്ലാന്റുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 31)** | **(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**<br>**(18-05-2015 ലെ 7287/സി2/14/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>വിപണനം ചെയ്യാതെ ശേഷിക്കുന്ന മത്സ്യം കേടാകാതെ ഭക്ഷ്യയോഗ്യമായി സൂക്ഷിക്കുന്നതിന് ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഫിഷ് മാർക്കറ്റുകൾ എന്നിവിടങ്ങളിൽ കോൾഡ് സ്റ്റോറേജുകൾ, സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കെ.എസ്.സി.എ.ഡി.സി, മത്സ്യഫെഡ് എന്നിവ മുഖേന സ്വീകരിച്ചിട്ടുണ്ട്.<br>**(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിക്കുകയും മത്സ്യഫെഡ് യൂണിറ്റുകൾ സന്ദർശിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.)** |
| 20 | ഇടനിലക്കാരുടെ ചൂഷണത്തിനിരയാകാതെ മത്സ്യത്തൊഴിലാളികൾക്ക് ഉയർന്ന വരുമാനം ലഭിക്കുന്നതിന് ഈ മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 32)** | **മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**<br>(08-12-2015 ലെ 7275/ബി1/2014/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>മത്സ്യത്തൊഴിലാളികളുടെ സഹകരണ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുവാൻ ശ്രീ. എം. എം. മോനായി അദ്ധ്യക്ഷനായ കമ്മീഷനെ സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ പ്രശ്നങ്ങൾ സമഗ്രമായി പരിശോധിക്കുകയും റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച് സർക്കാർ ടി റിപ്പോർട്ട് GO(Rt) No. 226/11/മ.തു.വ തീയതി 01.03.2011 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിക്കുകയുണ്ടായി. സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന |

| | | |
|---|---|---|
| | <u>23-11-2016 -ലെ സമിതി നിർദ്ദേശം.</u><br>സർക്കാർ അംഗീകരിച്ച ശ്രീ. എം. എം. മോനായി അദ്ധ്യക്ഷനായ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾ റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു. | തിനായി ക്രിയാത്മക നിദ്ദേശങ്ങൾ വയ്ക്കുകയും മത്സ്യഫെഡിന്റെ പ്രവർത്തനം വകുപ്പ് വിലയിരുത്തണമെന്നും സംഘങ്ങളിലെ ക്രമക്കേടുകൾ തടയുവാൻ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തണമെന്നും ഇതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശം പരിഗണിച്ചു വരുന്നു.<br>(23-11-2016 -ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അധിക നിർദ്ദേശം നൽകുകയും ചെയ്തു.)<br><br><u>**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**</u><br>(01-09-2021 ലെ ബി1/439/2017/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><u>മത്സ്യത്തൊഴിലാളികൾക്ക് ഉയർന്ന വരുമാനം ലഭിക്കുന്നതിന് മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.</u><br>മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്ന പദ്ധതിയ്ക്ക് 258 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രാഥമിക ഫിഷറീസ് സഹകരണ സംഘങ്ങളിൽ അംഗീകൃത സെക്രട്ടറി തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് വേതനം നൽകുന്നതിനും സംഘത്തിനു കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും, കെട്ടിട നിർമ്മാണത്തിനും ധനസഹായം നൽകുന്നതിനായി ടി പദ്ധതിയിൽ തുക വകയിരുത്തുകയുണ്ടായി. സെക്രട്ടറിയുടെ വേതന ഇനത്തിൽ പ്രതിമാസം പരമാവധി 10,000/- രൂപ, കെട്ടിട വാടക ഇനത്തിൽ പ്രതിമാസം 3,000/-രൂപ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് പരമാവധി 45,000/-രൂപ കെട്ടിട നിർമ്മാണത്തിന് പരമാവധി 5 ലക്ഷം രൂപ എന്നിങ്ങനെയാണ് ഒരു സംഘത്തിന് ധനസഹായം നൽകുന്നതിന് പദ്ധതി വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനായി 2019-20 സാമ്പത്തിക വർഷം 11,96,817/- രൂപ 2405-00-103-80 (P) ശീർഷകത്തിൽ നിന്നും അനുവദിക്കുകയുണ്ടായി. |

| | | |
|---|---|---|
| | 10-11-2022 -ലെ സമിതി ശിപാർശ<br>പ്രാഥമിക ഫിഷറീസ് സഹകരണ സംഘങ്ങളിൽ സെക്രട്ടറി തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് വേതനം തുടർന്നും നല്കണമെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പിനോട് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു. | മെച്ചപ്പെട്ട നിലവാരമുള്ള ജീവിതത്തിനും മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും വേണ്ടി സാമൂഹിക സമാഹരണ പരിപാടിയായ തീരോന്നതി പദ്ധതിയുടെ നാലാമത്തെ ഘടകമായി ഉൾപ്പെടുത്തി മത്സ്യസഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി 2020-21 സാമ്പത്തിക വർഷത്തിൽ 92.08 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. സഹകരണ വകുപ്പിന്റെ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയ്ക്ക് സമാനമായി ഫിഷറീസ് വകുപ്പിലെ സഹകരണ സംഘങ്ങൾക്കും ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി അനുവദിക്കുകയും, 2021 മാർച്ച് 31 വരെ കാലാവധി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ ഹാർബറുകളിൽ നടത്തപ്പെടുന്ന മത്സ്യലേലം, വിൽപന, ഗുണനിലവാരം എന്നിവ സർക്കാരിന്റെ ഓർഡിനൻസ് അനുസൃതമാണെന്ന് ഉറപ്പു വരുത്തുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കൊണ്ട് ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>(10-01-2022 -ലെ യോഗത്തിൽ പരിഗണിക്കുകയും തുടർ ശിപാർശ നൽകുകയും ചെയ്തു.)<br><br>**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**<br>**(12-12-2022 ലെ ബി1/70/2022/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>പ്രാഥമിക ഫിഷറീസ് സഹകരണ സംഘങ്ങളിലെ സെക്രട്ടറിമാർക്ക് ശമ്പളം നൽകുന്നതിനുള്ള പ്രത്യേക മാനദണ്ഡങ്ങൾ "തീരോന്നതി' പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ളതിനാൽ പ്രതിമാസം 10,000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് മാത്രമായിരിക്കും ധനസഹായം നൽകുക. തുടർന്ന് സംഘം തന്നെ സംഘത്തിന്റെ വരുമാനം വർധിപ്പിച്ചു ശമ്പളം നൽകുവാൻ ബാധ്യസ്ഥരാണ്. സെക്രട്ടറിക്കുള്ള വേതനം ഒരു സംഘത്തിനു ഒരു പ്രാവശ്യം മാത്രമേ നൽകുവാൻ കഴിയൂ. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ നഷ്ടം നേരിടാൻ ഒരു പുനഃരുജ്ജീവൻ പദ്ധതി തയ്യാറാക്കണമെന്ന വ്യവസ്ഥയിൽ പ്രാഥമിക |

| | | |
|---|---|---|
| | | ഫിഷറീസ് സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി ആകെ 39.66 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2022-23 വർഷത്തേക്ക് സംഘം സെക്രട്ടറിമാർക്ക് വേതനം നൽകുന്നതിന് ആകെ 19,20,000/- രൂപ അനുവദിച്ച് നൽകിയിട്ടുമുണ്ട്.<br>**(17-05-2023 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 21 | മത്സ്യോപഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്ത് നഗര പ്രദേശങ്ങളിലും ജനസാന്ദ്രതയേറിയ മറ്റു സ്ഥലങ്ങളിലും കോൾഡ് സ്റ്റോറോടു കൂടിയ ഫിഷ് സ്റ്റാളുകൾ കൂടുതലായി ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ - 33)**<br><br>23-11-2016 -ലെ സമിതി ശിപാർശ<br>ഫിഷ് സ്റ്റാളുകളോടനുബന്ധിച്ച് ഇ-ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പിനോട് ശിപാർശ ചെയ്തു. | **(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**<br>**(18-05-2015 ലെ 7287/സി2/14/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>മത്സ്യഉപഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്ത് ഫിഷറീസ് വകുപ്പ് മത്സ്യഫെഡ് വഴി നഗരപ്രദേശങ്ങളിലും മറ്റും ഫിഷ്സ്റ്റാളുകൾ നടത്തി വരുന്നുണ്ട്.<br>(23-11-2016 -ലെ യോഗത്തിൽ പരിഗണിക്കുകയും തുടർ ശിപാർശ നൽകുകയും ചെയ്തു.)<br><br>**(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**<br>**(22-04-2025 ലെ സി2/467/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>ഫിഷ് സ്റ്റാളുകൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ഇ-ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തുന്നുണ്ട്.<br>**(19-06-2025 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 22 | മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സ്ഥാപന ങ്ങളിലോ ദേശസാൽകൃത ബാങ്കുകളിലോ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കണമെന്നും | **മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**<br>**(08-12-2015 ലെ 7275/ബി1/2014/മതുവ നമ്പർ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിലോ, ദേശസാൽകൃത ബാങ്കുകളിലോ സേവിംഗ് ബാങ്ക് അക്കൗണ്ട് |

| | | |
|---|---|---|
| | വരുമാനം മിച്ചം പിടിച്ച് ഭാവിയിലേക്കായി കരുതി വയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.<br>**(ഖണ്ഡിക നമ്പർ – 34)** | നിർബന്ധമാക്കുന്നതിനും വരുമാനം മിച്ചം പിടിച്ച് ഭാവിയിലേക്ക് കരുതി വയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും നിരന്തരം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.<br>12.07.2014-ൽ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് ഹാളിൽ എം.പി മാർ, എം.എൽ.എ മാർ, ബോർഡ് മെമ്പർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ മേഖലയിൽ ഏഴ് ഫിഷറീസ് ഓഫീസുകളിലും 2015 മാർച്ച് 23, 24 തീയതികളിൽ ഫോർട്ട് കൊച്ചി, കണ്ണമാലി, എറണാകുളം, ഉദയം പേരൂർ, ചെറായി, ഞാറയ്ക്കൽ, നോർത്ത് പറവൂർ എന്നീ സ്ഥലങ്ങളിൽ മാർച്ച്, മെയ് മാസങ്ങളിലായി വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനായി സെമിനാറുകൾ സംഘടിപ്പിച്ചതിൽ ടി വിഷയത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുകയുണ്ടായി എന്നുള്ള വിവരം കൂടി അറിയിച്ചുകൊള്ളുന്നു.<br>**(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 23 | മത്സ്യക്കയറ്റുമതിയോടൊപ്പം ഗുണമേന്മയുള്ള സംസ്കരിച്ച ഉണക്കമീൻ, മൂല്യവർദ്ധിത മത്സ്യാല്പന്നങ്ങൾ എന്നിവ നിർമ്മിച്ച് കയറ്റുമതി ചെയ്യാവുന്നതാണ്. അതിനാവശ്യമായ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നത് സ്ത്രീകൾ ഉൾപ്പെടെയുള്ള അനുബന്ധ തൊഴിലാളികൾക്ക് ജോലിസാധ്യതയും സാമ്പത്തിക വർദ്ധനവും ഉറപ്പാക്കും എന്ന് സമിതി അഭിപ്രായപ്പെടുന്നു<br>**(ഖണ്ഡിക നമ്പർ – 35)** | **(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് )**<br>**(18-05-2015 ലെ 7287/സി2/14/മതുവ നമ്പർ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>മത്സ്യക്കയറ്റുമതിയോടൊപ്പം സംസ്കരിച്ച ഉണക്കമീൻ, മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ എന്നിവ നിർമ്മിച്ച് കയറ്റുമതി ചെയ്യുന്ന ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള യൂണിറ്റുകളിൽ സ്ത്രീകൾ ഉൾപ്പെടെയുള്ള അനുബന്ധ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.<br>**(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിക്കുകയും മത്സ്യഫെഡ് യൂണിറ്റുകൾ സന്ദർശിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.)** |

| | | |
|---|---|---|
| 24 | മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ നിന്ന് സമിതിയ്ക്ക് ലഭിച്ച പരാതികൾ പരിഗണിച്ച് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ ഉൾപ്പെടുന്ന അനുബന്ധതൊഴിലാളികളെയും കൂടി ഭവന നിർമ്മാണ പദ്ധതികളിലുൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 36)** | **<u>(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് )</u>**<br>**<u>(18-05-2015 ലെ 7287/സി2/14/മതുവ നമ്പർ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br>കേന്ദ്രസർക്കാരിന്റെ എൻ.എഫ്.ഡബ്ല്യൂ.എഫ് ഭവന പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി കൾക്ക് മാത്രമേ ആനുകൂല്യം നൽകുവാൻ കഴിയുകയുള്ളൂ. മത്സ്യത്തൊഴിലാളി വിഭാഗത്തിൽ ഉൾപ്പെടുന്ന അനുബന്ധത്തൊഴിലാളികളെയും ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളിൽ മാറ്റം അനിവാര്യമാണ്.<br>**(23-11-2016 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 25 | മത്സ്യത്തൊഴിലാളികളുടെ സൗകര്യം കണക്കി ലെടുത്ത് തൊഴിലാളികളുമായി നേരിട്ട് ബന്ധ പ്പെടുന്ന ഫിഷറീസ് വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഓഫീസുകൾ കഴിയുന്നത്ര തീരപ്രദേശങ്ങളിൽ തന്നെ സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നമ്പർ – 37)** | **<u>(മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്</u>**<br>**<u>(30-09-2014 ലെ 7326/എ 2/2014 മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br>കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സൗകര്യം കണക്കിലെടുത്താണ് തീരപ്രദേശങ്ങളിൽ മത്സ്യഭവനുകൾ സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ മത്സ്യഫെഡിന്റെയും ക്ഷേനിധി ബോർഡിന്റെയും ഫിഷറീസ് ഓഫീസിന്റെയും ഓഫീസുകൾ പ്രവർത്തിക്കുന്നു. മത്സ്യഭവൻ ഇല്ലാത്ത സ്ഥലങ്ങളിൽ മത്സ്യഫെഡിന്റെ ക്ലസ്റ്റർ ഓഫീസുകളും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ഓഫീസുകളും നിലവിൽ തീരപ്രദേശ ങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. കൂടാതെ മത്സ്യബോർഡിന്റെ സംസ്ഥാനത്തുടനീളമുള്ള ഫിഷറീസ് ഓഫീസുകളിൽ ഉൾനാടൻ ഫിഷറീസ് ഓഫീസുകൾ ഒഴികെയുള്ളവയെല്ലാം നിലവിൽ സ്ഥിതി ചെയ്യുന്നത് തീരദേശ മേഖലയിലാണ്.<br>**(29-10-2014-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | |
|---|---|---|
| 26 | തീരദേശ മേഖലയിലും തീരക്കടലിലും വിവിധ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിലും ജീവിത സുരക്ഷയും ഉറപ്പാക്കുന്നതിനും നിർബന്ധമായും ഊന്നൽ നൽകണമെന്ന് സമിതി പ്രത്യേകം നിർദ്ദേശിക്കുന്നു. മത്സ്യബന്ധന മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി മത്സ്യത്തൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ, ശാസ്ത്രജ്ഞർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡ്, മത്സ്യബന്ധന വകുപ്പ്, മത്സ്യഫെഡ് എന്നിവയുടെ പ്രതിനിധികളും കൂടാതെ ജനപ്രതിനിധികളും ഉൾപ്പെട്ട ഒരു ഡെവലപ്മെന്റ് കമ്മിറ്റി നിയോജക മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിക്കണമെന്നും പ്രസ്തുത കമ്മിറ്റി യോഗം ചേരുന്നുണ്ടെന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br>**(ഖണ്ഡിക നമ്പർ – 38)** | **<u>(മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്</u>**<br>**<u>(30-09-2014 ലെ 7326/എ 2/2014 മറുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യ/അനുബന്ധ തൊഴിലാളികൾക്കായി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ബോർഡിന്റെ ഭരണ സമിതി മത്സ്യ/ അനുബന്ധത്തൊഴിലാളികളുടെ പ്രതിനിധികളും, മത്സ്യവകുപ്പിൽ നിന്നുള്ള പ്രതിനിധികളും ഉൾക്കൊള്ളുന്നതാണ്. ആയതിനാൽ ടി മേഖലയിലെ പ്രശ്നങ്ങളും ആയവയ്ക്ക് ബോർഡിന്റെ പ്രവർത്തന പരിധിയിൽ നിന്നു കൊണ്ടുള്ള പരിഹാര മാർഗ്ഗങ്ങളും നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യ/അനുബന്ധ മേഖലയിൽ വികസന പ്രവർത്തനങ്ങൾ മത്സ്യവകുപ്പും സി.ഡി.സി.യും മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. പ്രസ്തുത രീതിയിൽ ഒരു സമിതിയും നിലവിലുണ്ട്.<br>**(29-10-2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | |
|---|---|---|
| 27 | മത്സ്യമേഖലയിലേക്ക് സംസ്ഥാന ഖജനാവിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച വരുന്ന സാമ്പത്തിക സഹായത്തിന്റെ വിനിയോഗം യഥാവിധി നടപ്പാക്കാത്തതിനാൽ പലപ്പോഴും ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കാൻ കഴിയാതെ വരികയോ ഫണ്ട് പാഴായിപ്പോകുകയോ ചെയ്യുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പിന്റെ ഗൗരവശ്രദ്ധ പതിയേണ്ടതും കേന്ദ്ര-സംസ്ഥാന സക്കാരുകൾ അനുവദിച്ച നൽകുന്ന തുക കാലതാമസം കൂടാതെ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.<br>**(ഖണ്ഡിക നമ്പർ – 39)**<br><br>**<u>23-11-2016 -ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം</u>**<br>മത്സ്യമേഖലയുടെ വികസനത്തിനായി 2010 മുതൽ 2016 വരെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം എത്രയാണ്? അതിൽ എത്ര തുക | **<u>(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് )</u>**<br>**<u>(18-05-2015 ലെ 7287/സി2/14/മതുവ നമ്പർ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br>മത്സ്യമേഖലയുടെ വികസനത്തിനായി കേന്ദ്രത്തിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം യഥാവിധി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നുണ്ട്.<br>**(23-11-2016 -ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)**<br><br>**<u>(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്)</u>**<br>**<u>(22-04-2025 ലെ സി2/467/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത് )</u>**<br>മത്സ്യമേഖലയുടെ വികസത്തിനായി 2010 മുതൽ 2016 വരെ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ധനസഹായം എത്രയാണ് എന്നും അതിൽ എത്ര തുക ചെലവഴിച്ച എന്നും എത്ര തുക ലാപ്സായി എന്നിവ സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു. |

<table>
<tr>
<td></td>
<td>ചെലവഴിച്ചു? എത്ര തുക ലാപ്സായി എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് മത്സ്യബന്ധന തുറമുഖ വകുപ്പിനോട് ആവശ്യപ്പെട്ടു</td>
<td>
<table>
<tr><th>വർഷം</th><th>ലഭിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>2010-11</td><td>1601.13</td></tr>
<tr><td>2011-12</td><td>1257.90</td></tr>
<tr><td>2012-13</td><td>1933.94</td></tr>
<tr><td>2013-14</td><td>1818.14</td></tr>
<tr><td>2014-15</td><td>2037.30</td></tr>
<tr><td>2015-16</td><td>1920.20</td></tr>
<tr><td>2016-17</td><td>2155.00</td></tr>
<tr><td>ആകെ</td><td>12723.61</td></tr>
</table>
ലഭിച്ച തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്. തുക ലാപ്സാക്കിയിട്ടില്ല.<br>
(19-06-2025-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)
</td>
</tr>
<tr>
<td>28</td>
<td>മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതി കളുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള വില പിടിപ്പുള്ള യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്ന തിന് വേണ്ടത്ര സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരില്ലാത്തതിനാൽ അവ കേടാകുകയോ ഉപയോഗശൂന്യമായിപ്പോകുകയോ ചെയ്യാറുണ്ട്. ആയതിനാൽ അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട</td>
<td>
<u>(മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്</u><br>
<u>(30-09-2014 ലെ 7326/എ 2/2014 നമ്പർ കത്ത് മുഖേന ലഭിച്ചത് )</u><br><br>
മത്സ്യഫെഡിൽ നിലവിൽ ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യവും വിദ്യാഭ്യാസ യോഗ്യതയും ഉള്ളവരാണ് മത്സ്യഫെഡിന്റെ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.<br>
(29-10-2014-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)
</td>
</tr>
</table>

| | | |
|---|---|---|
| | വിദ്യാഭ്യാസ യോഗ്യതയുള്ളവരെ അനുയോജ്യമായ തസ്തികകളിൽ നിയമിക്കണമെന്നും നിലവിലുള്ള വർക്ക് സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ട്രെയിനിംഗ് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. **(ഖണ്ഡിക നമ്പർ – 40)** | |

തിരുവനന്തപുരം
2026 ഫെബ്രുവരി 3

പി പി ചിത്തരഞ്ജൻ,
ചെയർപേഴ്സൺ,
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി.